# ആത്മപ്രകാശിനി

## 2016 ജനുവരി

ആത്മപ്രകാശിനി പി. ഡി. എഫ് . ആയി താങ്കൾക്ക് എത്തിക്കുന്നതിൽ ഞങ്ങൾക്ക് വളരെ സന്തോഷം ഉണ്ട്. ആത്മപ്രകാശിനി പി. ഡി. എഫ് . ആയി ലഭിക്കുന്നവർ ഈ പ്രവർത്തനത്തെ ഓർത്ത് പ്രാർത്ഥിക്കുകയും ഇതിന്റെ സുഗമമായ നടത്തിപ്പിനായി സഹകരിക്കുകയും ചെയ്യേണ്ടതാണ്

ആത്മപ്രകാശിനി മാസിക മുടക്കം കൂടാതെ വായനക്കാരുടെ കരങ്ങളിൽ എത്തിക്കുവാൻ സാധിക്കുന്നതിൽ സന്തോഷിക്കുന്നു. എന്നാൽ പ്രസിദ്ധീകരണ ചെലവുകൾ വളരെ വർദ്ധിച്ചിരിക്കുന്ന സാഹചര്യത്തിൽ വരിസംഖ്യ മുടങ്ങാതെ ലഭിച്ചാൽ മാത്രമേ പ്രവർത്തനം സുഗമമായി നടത്തുവാൻ സാധിക്കുകയുള്ളൂ. ആത്മപ്രകാശിനി വാർഷിക വരിസംഖ്യ വർദ്ധിപ്പിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ കുടിശികക്കാരായ വിദേശത്തുള്ളവരും അല്ലാത്തവരുമായ വരിക്കാർ ദയവായി കുടിശികയും ഈ വർഷത്തെ വരിസംഖ്യയും ചേർത്ത് അയച്ചു തന്ന് സഹകരിക്കണമേ. വിദേശത്തുള്ളവർ ചെറിയ തുകകൾക്ക് ഡോളർ ചെക്ക് അയയ്ക്കാതിരിക്കുന്നത് നന്ന്. ആത്മപ്രകാശിനിയുടെ S.B. A/c IOB Kumbanad Bank No. 043601000001492 IFSC No. IOB A 0000436 ബാങ്കിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നവർ വിവരം ആഫീസിൽ അറിയിക്കേണ്ടതുമാണ് (മാനേജർ)


**The Manager**
**Athmaprakashini**
**P.B. No. 10**
**Kumbanad**
**Pathanamthitta Dist.**
**Kerala-689 547**
**India**


**Bank: Indian Overseas Bank**
**Branch: Kumbanad**
**SB account no: 043601000001492**
**IFS Code: IOBA0000436**
**DD should be in favour of “Athmaprakashini, Kumbanad”**

# Athmaprakashini

# അകത്താളുകളിൽ


**വിജ്ഞാന വർദ്ധനവ് ........................................**
ഡോ. ഒ.എം. ശാമുവേൽ..............................3

**റോമർക്ക് എഴുതിയ ലേഖനം ..................**
ജേക്കബ് തോമസ് ..........................................5

**സഹസ്രാബ്ദകാലം ................................**
ഡോ. ഒ.എം. ശാമുവേൽ .............................8

**ക്രിസ്തുവിന്റെ പ്രത്യക്ഷതകൾ ..............**
ഡോ. കെ.സി. ജോൺസൺ .................... 9

**വിശ്വാസിയിൽ പരിശുദ്ധാത്മാവിന്റെ ......**
തോമസ് ഏബ്രഹാം.....................................12

**നമുക്കുള്ള നിത്യഅനുഭവങ്ങൾ ..............**
കുഞ്ഞമ്മ ചാക്കോ .......................................14

**ദൈവം തരുന്ന മാതൃകകൾ .......................**
ഉമ്മൻ ജോർജ്ജ് ............................................16

**ഏറ്റു വാങ്ങാത്ത സമ്മാനം ....................**
ധർമ്മരാജ് ജി ................................................18

**Local Assembly Oversight............................**
Rajan Thomas ....................................20

**വാർത്തകളും കുറിപ്പുകളും.........................22**


### *വരിക്കാരുടെ ശ്രദ്ധയ്ക്ക്*

*മാസിക സംബന്ധമായ എല്ലാ എഴുത്തുകുത്തുകളിലും നിങ്ങളുടെ മേൽവിലാസത്തോടൊപ്പം കാണുന്ന രജിസ്റ്റർ നമ്പർകൂടികാണിക്കണം.*

*നിങ്ങളുടെ മേൽവിലാസം മാറുമ്പോൾ പുതിയ വിലാസത്തൊടൊപ്പം പഴയ വിലാസവും ഞങ്ങളെ അറിയിക്കുക. വാർഷിക വരിസംഖ്യ അയച്ചുതരുവാൻ മറക്കരുത്.*

*എല്ലാ മാസവും 10 നു മാസിക തപാലിൽ അയയ്ക്കുന്നു. ഒരാഴ്ചയ്ക്കുള്ളിലും ലഭിച്ചില്ലെങ്കിൽ പോസ്റ്റോഫീസിൽ അന്വേഷിച്ചശേഷം ദയവായി ഞങ്ങളെ അറിയിക്കുക.*


# ആത്മപ്രകാശിനി

**Vol. XXXV** **No.1**

## 2016 ജനുവരി

***എഡിറ്റർ***
ഡോ. ഒ.എം. ശാമുവേൽ

***അസോസിയേറ്റ് എഡിറ്റേർസ്***
കെ. എ. ഫിലിപ്പ്
ഡോ. കെ.സി. ജോൺസൺ

***പബ്ലിഷർ & മാനേജർ***
സി. എ. ജോർജ്ജ്

***പ്രിന്റിങ്***
ഇവാഞ്ചൽ പ്രസ്സ്, തിരുവല്ല
ഫോൺ: 0469 2630223, 2605121

**വാർഷിക വരിസംഖ്യ**
ഇന്ത്യയിൽ : 100 രൂപ (മുൻകൂർ)
വിദേശത്ത് : 1000 രൂപ (മുൻകൂർ)

***ലേഖനങ്ങൾ അയയ്ക്കേണ്ട വിലാസം***
ഡോ.ഒ. എം. ശാമുവേൽ
പി.ബി.നമ്പർ - 46
സുവിശേഷാലയം
പത്തനംതിട്ട - 689 645
ഫോൺ: 0468 2 224045

**വാർത്തകൾ, വിലാസമാറ്റം, വരിസംഖ്യ സംഭാവന, മാസിക സംബന്ധിച്ച എഴുത്തുകൾ എന്നിവ അയയ്ക്കേണ്ട വിലാസം**

മാനേജർ
**ആത്മപ്രകാശിനി**
പി.ബി.നമ്പർ : 10
കുമ്പനാട് 689 547
ഫോൺ : 0469 2664314 (O)
0469 3206101 (R)
9947740176 (Mob)

E- mail : - athmaprakashini@gmail.com

# വിജ്ഞാന വർദ്ധനവ്

**ഡോ. ഒ.എം. ശാമുവേൽ, മാവേലിക്കര**

ആത്മപ്രകാശിനി വായനക്കാർക്ക് ഞങ്ങളുടെ ഹൃദയംഗമായ നവവത്സരാംശസകൾ! സംഭവബഹുലമായ 2015 ചരിത്രത്തിന്റെ താളുകളിൽ ഇടം പിടിച്ചു. അനിശ്ചിതത്വം നിറഞ്ഞ 2016-ലേക്ക് നാം പ്രവേശിച്ചുകഴിഞ്ഞു. അനുനിമിഷം മാറികൊണ്ടിരിക്കുന്ന ലോകത്തിൽ മാറ്റമില്ലാത്ത ഒരു ദൈവം നമ്മുടെ പരിപാലകനായിട്ടുണ്ട് എന്നുള്ളത് എത്രയോ ആശ്വാസകരം. പ്രതീക്ഷകളോടും പ്രത്യാശയോടും സമർപ്പണബോധത്തോടും കൂടെ ഈ 2016-ൽ കർത്താവിലുള്ള ആശ്രയബോധത്തോടെ നമുക്കു ജീവിക്കാം.

ദാനീയേൽ തന്റെ പ്രവചനത്തിൽ അന്ത്യകാലത്തോടുള്ള ബന്ധത്തിൽ ജ്ഞാനത്തിന്റെ വർദ്ധനയെക്കുറിച്ച് പറയുന്ന വാക്കുകൾ ശ്രദ്ധിക്കുക (ദാനീ. 12:4). ജ്ഞാനം വർദ്ധിക്കും എന്ന പ്രവാചകന്റെ വാക്കുകൾ ഇന്ന് അന്വർത്ഥമായിക്കൊണ്ടിരിക്കുകയല്ലേ? ജീവിതത്തിന്റെ സമസ്ത മേഖലകളിലും വിജ്ഞാനത്തിന്റെ വേലിയേറ്റം നമുക്കു ദർശിക്കാൻ കഴിയും. ഇന്നത്തെ വിദ്യാർത്ഥിലോകത്തെ ശ്രദ്ധിക്കുക. മാദ്ധ്യമങ്ങളിൽ കൂടി കൊച്ചുകുട്ടികൾ പോലും ഈ മേഖലകളിൽ ഒരു അതിശയവിഷയമായിരിക്കുകയാണല്ലോ? കൊച്ചു കുസൃതികുരുന്നുകളുടെ ചില കണ്ടു പിടുത്തങ്ങൾ നമ്മെ ആശ്ചര്യപരതന്ത്രമാക്കുന്നവയാണ്. വിജ്ഞാനത്തിന്റെ വർദ്ധനവ് അത്ഭുതാവഹം തന്നെ. ജീവിതത്തിന്റെ സമസ്ത മേഖലകളിലും ഈ വിജ്ഞാനത്തിന്റെ വേലിയേറ്റം നമുക്ക് കാണാം. ഇന്നത്തെ ഒരു സ്ക്കൂൾ വിദ്ധ്യാർത്ഥിയുടെ ജ്ഞാനസമ്പത്ത് എത്രയോ വിപുലമാണ്. അവരുടെ ചില ചോദ്യങ്ങൾ നമ്മെ ഉത്തരം മുട്ടിപ്പിക്കുന്നവയാണ്. വർദ്ധിച്ചുവരുന്ന ഈ ജ്ഞാനസമ്പത്ത് കൊണ്ട് മനുഷ്യന്റെ അറിവ്, അതിന്റെ അതിർ വരമ്പുകൾ നാം ചിന്തിക്കുന്നതിനേക്കാൾ അപ്പുറമായി വളർന്നു കൊണ്ടിരിക്കുന്നു. ഇന്ന് മനുഷ്യന് അജ്ഞാനമായ ഒന്നും തന്നെയില്ല. ജ്ഞാനത്തിന്റെ വളർച്ച ഈ രീതിയിൽ വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ഈ അത്ഭുതപൂർവ്വമായ വളർച്ച ആത്മീയ ഗോളത്തിലും വ്യാപിക്കുന്നു എന്നു പറയാം. നാം ഏതെല്ലാം നിലയിൽ വളർന്നാലും ജ്ഞാനം വർദ്ധിച്ചാലും ആത്മീയമായി നാം ചില പ്രാഥമിക കാര്യങ്ങളെക്കുറിച്ചു അറിവുള്ളവരായിരിക്കണം. പൗലൊസ് അപ്പൊസ്തലൻ ഫിലിപ്പ്യയിലുള്ള വിശ്വാസികളോടു ചില കാര്യങ്ങൾ അറിയാൻ അവരെ പ്രബോധിപ്പിക്കുന്നു. അവനെയും അവന്റെ പുനരുത്ഥാനത്തിന്റെ ശക്തിയേയും അവന്റെ കഷ്ടാനുഭവങ്ങളുടെ കൂട്ടായ്മയേയും അനുഭവിച്ചറിയുവാനുള്ള അപ്പൊസ്തലന്റെ ഉൽക്കടമായ ആഗ്രഹം നമുക്കും ബാധകമാണ്. ആത്മികമായ നമ്മുടെ അറിവിന്റെ മാനദണ്ഡം ഇതായിരുന്നെങ്കിൽ എത്രയോ ധന്യമായിരുന്നു നമ്മുടെ ആത്മീയ ജീവിതം. എന്തെല്ലാമാണ് അറിയുവാൻ പൗലോസ് പ്രബോധിപ്പിക്കുന്നത്?

**സത്താന്യശക്തിയെ അതിജീവിച്ചു സാത്താന്റെ അധീനതയിലുള്ള ഈ ലോകത്തിൽ ജയജീവിതം നയിക്കുവാൻ നമുക്കു ശക്തി ആവശ്യമാണ്. യേശുക്രിസ്തുവിന്റെ പുനരുത്ഥാനത്തിന്റെ ശക്തി നമ്മുടെ ശരീരത്തിലേക്കു വ്യാപിക്കുമ്പോൾ ഏതു പ്രതിബന്ധങ്ങളെയും അതിജീവിക്കുവാനുള്ള ശക്തി നമുക്ക് ലഭിക്കുകയാണ്.**

**1. അവനെ (ക്രിസ്തുവിനെ) അറിയുക**

യേശുക്രിസ്തുവിനെ അറിയുക എന്നത് വളരെ പ്രാധാന്യം അർഹിക്കുന്ന ഒരു സത്യമാണ്. ഇന്ന് അനേക വിശ്വാസികൾക്കും യേശുക്രിസ്തുവിനെക്കുറിച്ചു ധാരാളം കാര്യങ്ങൾ അറിയാം. യേശുക്രിസ്തുവിനെക്കുറിച്ചു അനേകാര്യങ്ങൾ അറിയാവുന്ന വ്യക്തികൾക്ക് യേശുവിനെ അറിയാൻ സാധിക്കുന്നോ എന്നുള്ളതാണ് പ്രധാനം. യേശുക്രിസ്തുവിനെക്കുറിച്ച് അറിയാവുന്ന അനേകം ആളുകൾ ഉണ്ട്. എന്നാൽ അവനെ അറിയുന്നതും അവനെക്കുറിച്ച് അറിയുന്നതും രണ്ടാണ്. ഈ ഭാഗത്ത് പൗലൊസ് പറയുന്ന അറിവു പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. അവനെ കേവലം ബൗദ്ധിക മേഖല

യിൽ അറിയുക എന്നല്ല പൗലൊസ് പറയുന്നത്. യേശുക്രിസ്തുവിനെക്കുറിച്ചുള്ള അറിവുകൊണ്ട് നിറഞ്ഞു തുളുമ്പി നില്ക്കുന്ന ധാരാളം പേരുണ്ട്. അവരുടെ അറിവ് കേവലം ബുദ്ധിമൂശയിൽ നിന്നുള്ള ജ്ഞാനശകലങ്ങളാണ്. എന്നാൽ യേശുക്രിസ്തുവിനെ ജീവിതത്തിൽ അനുഭവിച്ചറിയുക എന്നുള്ള താണ് യഥാർത്ഥ ജീവിതത്തിന്റെ അന്തസത്ത. യേശുക്രിസ്തുവിനെക്കുറിച്ചുള്ള അറിവ് ചീർപ്പിക്കുക മാത്രമേ ചെയ്യുകയുള്ളു. എന്നാൽ യേശുക്രിസ്തുവിനെ ജീവിതത്തിൽ രക്ഷിതാവും കർത്താവുമായി അനുഭവിച്ചറിയുന്ന വ്യക്തിജീവിതത്തിൽ വിപ്ലവകരമായ മാറ്റം തന്നെ സംഭവിക്കും. എത്രയോ ജീവിത ങ്ങൾക്ക് ഇങ്ങനെയുള്ള മാറ്റം സംഭവിച്ചിട്ടുണ്ട്! ഇത് നമുക്കു നമ്മുടെ സ്വന്തജീവിതത്തോടുള്ള ബന്ധ ത്തിലും മറ്റനേകരുടെ ജീവിതത്തോടുള്ള ബന്ധത്തിലും ഗ്രഹിക്കാവുന്ന നഗ്നസത്യമാണ്. യേശുക്രി സ്തുവിനെ ജീവിതസഖിയായി അറിയുക എന്നുള്ളത് എത്രയോ അനുഗ്രഹീതമായ ഒരു അനുഭവമാ ണ്. യേശുക്രിസ്തുവുമായുള്ള ഇങ്ങനെയുള്ള വ്യക്തിബന്ധം എത്രയോ ജീവിതങ്ങളെയാണ് അർത്ഥ സംപുഷ്ടമാക്കിയിട്ടുള്ളത്. യേശുക്രിസ്തുവിനെ ജീവിതത്തിൽ അനുഭവിച്ചറിയുവാൻ കർത്താവു സഹാ യിക്കട്ടെ.

**2. അവന്റെ പുനരുത്ഥാനശക്തി അറിയുക**

യേശുക്രിസ്തു ലോകത്തിന്റെ പാപത്തിനുവേണ്ടി ക്രൂശിൽ തന്റെ ജീവനെ മറുവിലയായി നല്കി. കല്ലറയിൽ അടക്കപ്പെട്ടു. എന്നാൽ മൂന്നാം ദിവസം മരണത്തെ വെല്ലുവിളിച്ചുകൊണ്ട് യേശു ക്രിസ്തു ഉയിർത്തെഴുന്നേറ്റു. മരിച്ചവരിൽ ആദ്യജാതനായി കർത്താവു ഉയിർത്തെഴുന്നേറ്റു. യേശു ക്രിസ്തു തന്റെ പരസ്യശുശ്രൂഷയിൽ ചിലരെ ഉയിർപ്പിച്ചു. അതുപോലെ പഴയനിയമത്തിലും ചിലർ ഉയിർത്തെഴുന്നേറ്റു. എന്നാൽ അവരുടെ പുനരുത്ഥാനം കേവലം സാധാരണശരീരത്തോടു കൂടിയായി രുന്നു. കുറേ നാളുകൾ കൂടി ആ ഉയിർത്തെഴുന്നേറ്റ ആളുകൾ ജീവിച്ചു. വീണ്ടും അവർ മരിച്ചു. എന്നാൽ യേശുക്രിസ്തുവിന്റെ പുനരുത്ഥാനം തേജസ്കരിക്കപ്പെട്ട ശരീരത്തോടു കൂടിയായിരുന്നു. അതുകൊ ണ്ടാണ് യേശുക്രിസ്തു മരിച്ചവരിൽ ആദ്യജാതൻ ആയത്. ആ പുനരുത്ഥാനത്തിന്റെ ശക്തിവിശേഷം നമുക്കു വിവരിക്കാൻ അസാദ്ധ്യമാണ്. ആ പുനരുത്ഥാനത്തിന്റെ ശക്തിയാണ് നമുക്ക് ആവശ്യം. ആ ശക്തിവിശേഷമാണ് നമുക്ക് ആത്മീയ ജീവിതത്തിന് ആവശ്യമായ ആവേശം പകർന്നുതരുന്നത്. വിശ്വാ സികൾക്ക് ഈ ഭൂമിയിൽ ജീവിക്കുവാൻ ആവശ്യമായ ഊർജ്ജം ലഭിക്കുന്നത് യേശുക്രിസ്തുവിന്റെ പുനരുത്ഥാനത്തിന്റെ ശക്തിവിശേഷമാണ്. സത്താന്യശക്തിയെ അതിജീവിച്ചു സാത്താന്റെ അധീനത യിലുള്ള ഈ ലോകത്തിൽ ജയജീവിതം നയിക്കുവാൻ നമുക്കു ശക്തി ആവശ്യമാണ്. യേശുക്രിസ്തു വിന്റെ പുനരുത്ഥാനത്തിന്റെ ശക്തി നമ്മുടെ ശരീരത്തിലേക്കു വ്യാപിക്കുമ്പോൾ ഏതു പ്രതിബന്ധങ്ങ ളെയും അതിജീവിക്കുവാനുള്ള ശക്തി നമുക്ക് ലഭിക്കുകയാണ്. ഈ ശക്തിയും നമുക്ക് അനുഭവിച്ചറി യുവാൻ സാധിക്കും.

**3. കഷ്ടാനുഭവങ്ങളുടെ കൂട്ടായ്മ അറിയുക**

യേശുക്രിസ്തുവിന്റെ കഷ്ടാനുഭവങ്ങൾ എന്തായിരുന്നു? ക്രൂശുമായി ബന്ധപ്പെട്ട വേദനാ ജനക ങ്ങളായ അനുഭവങ്ങൾ. യേശുക്രിസ്തുവിന്റെ ക്രൂശുമായി ബന്ധപ്പെട്ട കഷ്ടാനുഭവങ്ങൾ ഒരു വിശ്വാ സിക്ക് അനുഭവിക്കാൻ കഴിയുമോ? ഒരിക്കലുമില്ല. യേശുക്രിസ്തുവിന്റെ ക്രൂശുമരണവുമായി ബന്ധ പ്പെട്ട കഷ്ടാനുഭവങ്ങൽ നമുക്ക് അനുഭവിച്ചറിയുവാൻ കഴിയുകയില്ല. ആ കഷ്ടാനുഭവങ്ങൾ യേശു ക്രിസ്തു മാത്രം അനുഭവിച്ചതായിരുന്നു. ലോകത്തിൽ ആർക്കും തന്നെ ആ കഷ്ടാനുഭവങ്ങൾ അതു പോലെ അനുഭവവേദ്യമാക്കാൻ കഴിയുകയില്ല. ചില ആളുകൾ യേശുക്രിസ്തു ക്രൂശിക്കപ്പെട്ടതുപോലെ ക്രൂശിൽ മരിച്ചിട്ടുണ്ട്. എന്നാൽ യേശുക്രിസ്തുവിന്റെ ക്രൂശുമരണം നിസ്തുല്യമായിരുന്നു. എന്നാൽ യേശുക്രിസ്തുവിന്റെ കഷ്ടാനുഭവങ്ങളോടു കൂട്ടായ്മ കാണിക്കുവാൻ സാധിക്കും. ജീവിതത്തിൽ വിശ്വാസം നിമിത്തം കഷ്ടതകളുടെയും കണ്ണുനീരിന്റെയും അനുഭവങ്ങൾ വരുമ്പോൾ അത് മടികൂ ടാതെ സ്വീകരിച്ച് കർത്താവിന്റെ നാമമഹത്വത്തിനു വേണ്ടി ജീവിക്കുക. അങ്ങനെയാണ് യേശുക്രി സ്തുവിന്റെ കഷ്ടാനുഭവങ്ങളിൽ കൂട്ടായ്മ ഉണ്ടാകുന്നത്. വിശ്വാസജീവിതത്തിലെ പ്രതികൂല സാഹ ചര്യങ്ങൾ, വേദനയുടെ രംഗങ്ങൾ, കണ്ണുനീരിന്റെ സന്ദർഭങ്ങൾ, പരിഹാസത്തിന്റെ രംഗങ്ങൾ എന്നിങ്ങ നെയുള്ള സന്ദർഭങ്ങളിൽ സ്തോത്രത്തോടുകൂടി അവ സ്വീകരിച്ച് കർത്തൃനാമമഹത്വത്തിനായി ജീവി ക്കുക എന്നുള്ളത് അനുകരണീയമായ ഒരു ജീവിത ശൈലിയാണ്. അങ്ങനെയുള്ള ജീവിതം കഷ്ടാ നുഭവങ്ങളുടെ കൂട്ടായ്മയാണ്.

മുകളിൽ പറഞ്ഞിരിക്കുന്ന മൂന്നു കാര്യങ്ങൾ നാം അറിഞ്ഞിരിക്കേണ്ട പ്രത്യേക സംഗതികളാ ണ്. വരും അവസരങ്ങളിൽ കർത്താവിനെയും അവന്റെ പുനരുത്ഥാനത്തിന്റെ ശക്തിയെയും, കഷ്ടാ നുഭവങ്ങളുടെ കൂട്ടായ്മയെയും അനുഭവിച്ചറിയുവാൻ കർത്താവു സഹായിക്കട്ടെ. ●

# റോമർക്ക് എഴുതിയ ലേഖനം: ഒരു പഠനം ~ 2

ജേക്കബ് തോമസ്, മാവേലിക്കര

**I. ദൈവനീതിയുടെ വിളംബരം (റോമർ 1:1-17)**

നീതിമാനായി ആരെങ്കിലുമുണ്ടോ? മനുഷ്യന്റെ ചോദ്യമാണ്. ഉത്തരം: ദൈവം നീതിമാനാണ്. ആ നീതിമാനായ ദൈവത്തോടോപ്പം മനുഷ്യന് ജീവിക്കാനാകുമോ? അവൻ കുറ്റക്കാരനല്ലേ? അതെ, മനുഷ്യൻ കുറ്റക്കാരനാണ് എങ്കിലും അവന് നീതിമാനായ ദൈവത്തിനോപ്പം ജീവിക്കാനാകും; അത് എങ്ങനെ സാദ്ധ്യമാകുമെന്നതിന്റെ നാടകീയാവിഷ്കാര മാണ് റോമർക്ക് എഴുതിയ ലേഖനം. ഈ വിഷയത്തിലേക്ക് അനുവാചകരുടെ ശ്രദ്ധയെ ക്ഷണിക്കുന്നു. ദൈവത്തിന്റെ നീതീകരണം എന്നതാണ് റോമർക്കെഴുതിയ ലേഖനത്തിന്റെ കാതലായ വിഷയം.

മുഖാമുഖമായി പൗലൊസ് കണ്ടിട്ടില്ലാത്ത റോമയിലുള്ള ക്രിസ്തു വിശ്വാസികളെ നീതീകരണം, വിശ്വാസത്താലുള്ള രക്ഷ, യേശുക്രിസ്തുവിന്റെ നിസ്തുല്യത, ഒരു വിശ്വാസിയുടെ ആത്മികാനുഗ്രഹങ്ങൾ, തുടങ്ങിയ പ്രധാനപ്പെട്ട കാര്യങ്ങൾ പൗലൊസ് അക്കമിട്ട് വ്യക്തമായി പഠിപ്പിക്കുന്നു. ഈ ലേഖനം ക്രിസ്തീയ ലോകത്തിനെന്നല്ല ആഗോളമായി സാഹിത്യത്തിനുള്ള അമൂല്യ നിധിയായി കണക്കാക്കാം. പൗലൊസ് അവതരിപ്പിക്കുന്ന ഈ പ്രബന്ധത്തിന്റെ ആമുഖത്തിൽ ദൈവ നീതിയുടെ വിളമ്പരം കുറിക്കുന്ന സുവിശേഷവുമായി പൗലൊസ് എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു എന്നും, റോമിലുള്ള തന്റെ അനുവാചകരോടുള്ള തന്റെ ആത്മാർത്ഥയും സ്നേഹവും എത്രമാത്രമെന്നും പൗലൊസ് അറിയിക്കുന്നു.

**A. പൗലൊസിന്റെ പദവികൾ (റോമർ 1:1,2)**

*"ദൈവം തന്റെ പുത്രനും നമ്മുടെ കർത്താവുമായ യേശുക്രിസ്തുവിനെക്കുറിച്ചു വിശുദ്ധരേഖകളിൽ തന്റെ പ്രവാചകന്മാർ മുഖാന്തരം മുമ്പുകൂട്ടി വാഗ്ദത്തം ചെയ്ത സുവിശേഷത്തിനായി വേർതിരിച്ച് വിളിക്കപ്പെട്ട അപ്പൊസ്തലനും യേശുക്രിസ്തുവിന്റെ ദാസനുമായ പൗലൊസ്"* (റോമർ 1:1,2).

**1. ക്രിസതുവിന്റെ അപ്പൊസ്തലൻ**

അപ്പൊസ്തലൻ ഔദ്യോഗികമായി നിയോഗിക്കപ്പെട്ടവനാണ്. രാജാവിന്റെയോ ചക്രവർത്തിയുടെയോ പ്രതിനിധി എന്ന സ്ഥാനത്തെയും ഈ പദം കാണിക്കുന്നു. യേശുക്രിസ്തുവിന്റെ പന്ത്രണ്ട് അപ്പൊസ്തലന്മാരാണ് വാസ്തവത്തിൽ ഈ പദവി അലങ്കരിക്കുന്നത്. എന്നാൽ പൗലൊസിനെയും യേശുക്രിസ്തുവിന്റെ പുനരുത്ഥാനത്തിന് ശേഷം അപ്പൊസ്തലനായി തിരഞ്ഞെടുത്തു.

അപ്പൊസ്തലൻ വിളിക്കപ്പെട്ടവനാണ്. ഈ പദവി പൗലൊസ് സ്വയം ഏറ്റെടുത്തതല്ല, ക്രിസ്തു വിളിച്ചാക്കിയതാണ്, മോശെയെപ്പോലെ, പ്രവാചകന്മാരെപ്പോലെ. ക്രിസ്തു പറഞ്ഞത് ഓർക്കുക, നിങ്ങൾ എന്നെ തിരഞ്ഞെടുത്തതല്ല, ഞാൻ നിങ്ങളെ തിരഞ്ഞെടുത്തു. എന്തിനാണ് വിളിച്ച് വേർതിരിച്ചത്. സുവിശേഷം എന്ന ദൗത്യത്തിനായി ദൈവം നിയോഗിച്ചു. സുവിശേഷം അറിയിക്ക എന്ന ദൗത്യം പൂർണ്ണമായി നിർവ്വഹിച്ച വ്യക്തിയാണ് പൗലൊസ്. തന്റെ എല്ലാ ലേഖനങ്ങളുടെയും ആമുഖത്തിൽ തന്നെ തനിമയുടേയും, ആധികാരികതയുടേയും അടയാളമായി അപ്പൊസ്തലത്വം പറയുന്നു. കാരണം ആ കാഴ്ചപ്പാടിലും ഗൗരവത്തിലും ഈ ലേഖനം അനുവാചകർ വായിക്കേണ്ടതിന് വേണ്ടി. താൻ വേർതിരിച്ച് വിളിക്കപ്പെട്ട സുവിശേഷത്തിന്റെ പ്രത്യേകത എന്നത് അത് ദൈവത്തിൽനിന്ന് ഉത്ഭവിച്ചതാണ്; അത് മാനുഷികമായ സിദ്ധാന്തമല്ല; അത് കർത്താവായ യേശുക്രിസ്തുവിനെക്കുറിച്ചുള്ളതാണ്.

അത് വിശുദ്ധ തിരുവെഴുത്തുകളിൽ പ്രതിപാദിച്ചിട്ടുള്ളതാണ്. പ്രവാചകന്മാർ മുഖാന്തരം മുൻകൂട്ടി അറിയിച്ചതാണ്. അവിചാരിതമായി, രഹസ്യമായി ദൈവം ഒരു കാര്യവും ചെയ്യില്ല. ദൈവം വിഭാവനചെയ്ത സുവിശേഷം, അത് തിരുവെഴുത്തുകളിൽ മുന്നറിയിച്ചിട്ടുള്ളതാണ്; അത് പ്രവാചകന്മാരുടെ സന്ദേശത്തിന്റെ വിഷയമാണ്. അതിന്റെ

കേന്ദ്രബിന്ദു ക്രിസ്തുവാണ്. ദൈവം സഭക്ക് നല്കിയ വരദാനങ്ങളിലുള്ളവരാണ് അപ്പൊസ്തലന്മാരും പ്രവാചകന്മാരും. എന്നാൽ ഇന്ന് ഈ സ്ഥാനം അതിന്റെ അക്ഷരാർത്ഥത്തിലില്ല; എന്നാൽ പ്രായോഗികാർത്ഥത്തിൽ നാം എല്ലാവരും അപ്പൊസ്തലന്മാരും പ്രവാചകന്മാരുമാണ്; കാരണം നാം എല്ലാവരും ദൈവത്താൽ അയക്കപ്പെട്ടവരും, ദൈവവചനം പൊരുൾ തിരിക്കുന്നവരുമാണ്.

**2. ക്രിസതുവിന്റെ ദാസൻ**

ഡൂലൊസ് എന്ന ഗ്രീക്ക് വാക്കാണ് ദാസൻ എന്ന വാക്കിന് ഉപയോഗിച്ചിരിക്കുന്നത്. അർത്ഥം അടിമ എന്നാണ്. പൗലൊസിന്റെ കാലത്ത് ആറ് ലക്ഷം അടിമകൾ റോമിലുണ്ടായിരുന്നു എന്ന് കണക്കാക്കപ്പെടുന്നു. അടിമ തനിക്കായിട്ടല്ല യജമാനന് വേണ്ടിയാണ് ജീവിക്കുന്നത്. താൻ ക്രിസതുവിന്റെ ദാസൻ അഥവാ അടിമയാണ് എന്ന് പറയുന്നതിലൂടെ തനിക്ക് ഇനി സ്വയമായ ജീവിതമില്ല എന്നും തന്റെ യജമാനൻ ക്രിസ്തുവാണ് എന്നും താൻ അവന്റെ ആജ്ഞാനുവർത്തി മത്രമാണ് എന്നും വ്യക്തമാക്കുന്നു. എന്നാൽ പൗലൊസ് ഇവിടെ എബ്രായ പശ്ചാലത്തിലത്തിനസൃതമായി സ്വമേധയായി യജമാനനെ ആയുഷ്കാലം മുഴുവൻ സേവിക്കുവാൻ സമർപ്പിച്ചിരിക്കുന്നു. എബ്രായ പശ്ചാലത്തിലത്തിൽ ഒരടിമക്ക് തന്റെ യജമാനന്റെ ഭവനത്തിൽ നിന്ന് സ്വതന്ത്രനാകാൻ അവസരം ലഭിച്ചാലും "*ഞാൻ എന്റെ യജമാനനെയും എന്റെ ഭാര്യയെയും മക്കളെയും സ്നേഹിക്കുന്നു, ഞാൻ സ്വതന്ത്രനായി പോകയില്ല എന്ന് തീർത്ത് പറഞ്ഞാൽ യജമാനൻ അവനെ ദൈവസന്നിധിയിൽ കൂട്ടിക്കൊണ്ട് ചെന്ന് കതകിന്റെയോ, കട്ടളക്കാലിന്റയോ അടുക്കൽ നിർത്തിയിട്ട് സൂചികൊണ്ട് അവന്റെ കാത് കുത്തിത്തുളക്കേണം, പിന്നെ അവൻ എന്നേക്കും അവന് ദാസനായിരിക്കേണം*" (പുറ. 21:5,6). പൗലൊസ് ക്രിസ്തുവിന്റെ ദാസനാണ് എന്ന് പറയുമ്പൊൾ തീർച്ചയായും ഈ അർത്ഥത്തിലാകാൻ സാദ്ധ്യതയുണ്ട്.

മറ്റൊരു അർത്ഥത്തിലും ദാസൻ എന്ന പ്രയോഗം പഴയനിയമത്തിൽ നാം കാണുന്നു. ദൈവത്തെ വിശ്വസ്തതയോടെ സേവിക്കുന്നവരുടെ സ്ഥാനപ്പേരാണ് ദാസൻ എന്നുള്ളത്. മോശെ ദൈവത്തിന്റെ ദാസനായാണ് അറിയപ്പെട്ടത്. "*എന്റെ ദാസനായ മോശെയോ, അവൻ അങ്ങനെയല്ല അവൻ എന്റെ ഗൃഹത്തിലൊക്കെയും വിശ്വസ്തനാകുന്നു*" (സംഖ്യ. 12:7; യോശുവാ 1:2,13). ഇവിടെ ദാസൻ എന്ന സ്ഥാനം ദൈവിക വിഷയങ്ങളിൽ വിശ്വസ്തയുടെ അടയാളമാണ്. ക്രിസ്തുവിന്റെ ദാസൻ ആയിരിക്കുക എന്നത് കേവലം അലങ്കാര പദവിയായല്ല പൗലൊസ് കണ്ടത്. പ്രായോഗിക രംഗങ്ങളിലും അത് ജീവിതത്തിൽ പ്രാവർത്തികമാക്കുവാനും പൗലൊസ് ശ്രദ്ധാലുവായിരുന്നു (ഗലാ.1:10). താൻ ക്രിസ്തുവിന്റെ ദാസനാണ് എന്ന് പറയുന്നതിലൂടെ ക്രിസ്തുവിന്റെ ഔന്നത്യവും, പൗലൊസിന് അവനോടുള്ള വിധേയത്വവും ദൃശ്യമാക്കുന്നു. നമ്മെ സംബന്ധിച്ചും നാം വാസ്തവത്തിൽ ക്രിസ്തുവിന്റെ ദാസന്മാരാണ്, കാരണം "*നിങ്ങളെ വിലയ്ക്ക് വാങ്ങിയിരിക്കയാൽ നിങ്ങൾ താന്താങ്ങൾക്കുള്ളവരല്ല എന്ന് അറയുന്നില്ലയോ? ആകയാൽ നിങ്ങളുടെ ശരീരം കൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തുവിൻ*" (1 കൊരി. 6:19,20). ക്രിസ്തുവിന്റെ അപ്പൊസ്തലന്മായി അറിയപ്പെടാനാണ് നാം ആഗ്രഹിക്കുന്നത്. എന്നാൽ ക്രിസ്തുവിന്റെ ദാസനാണ്, അവന്റെ പാദസേവകനാണ് എന്ന് നമ്മിലെത്രപേർ പൗലൊസിനെപ്പൊലെ പറയും? യജമാനനെ പ്രീതിപ്പെടുത്തുന്ന ദാസനെ മാത്രമേ യജമാനൻ ആദരിക്കയുള്ളു എന്ന സത്യം നാം എല്ലാവരും ഓർക്കുന്നത് നല്ലതാണ്.

**3. ക്രിസതുവിന്റെ സന്ദേശവാഹകൻ**

ഈ ലേഖനത്തിന്റെ ആമുഖം വായിച്ചാൽ തന്നെ ഒരു സന്ദേശവാഹകന്റെ ദൗത്യമാണ് പൗലൊസിനെ ഭരമേല്പ്പിച്ചിരിക്കുന്നത് എന്ന് ആർക്കും ബോദ്ധ്യമാകും. ഒരു ചക്രവർത്തി തന്റെ വിശ്വസ്ത ഭൃത്യനെ വളരെ വിലയേറിയ സന്ദേശവുമായി അയയ്ക്കുന്നതുപോലെയൊണ് പൗലൊസ് ദൈവം തന്നെ ഭരമേല്പ്പിച്ച സുവിശേഷദൗത്യത്തെ കണ്ടത്. തന്നെ ഭരമേല്പിച്ച സുവിശേഷത്തിന് ചില പ്രത്യേകതകളും പൗലൊസ് വെളിപ്പെടുത്തുന്നു, ഒന്നാമത് അത്

ദൈവദത്തമാണ്. പൗലൊസ് ചമച്ചുണ്ടാക്കിയ ചില സിദ്ധാന്തങ്ങളാണ് സുവിശേഷം എന്ന് പലരു സംശയിച്ചിരുന്നു. അല്ല, അത് ദൈവത്തിന്റെ അനാദിനിർണ്ണയപ്രകാരം കാലത്തിൽ വെളിപ്പെട്ടതാണ്.

സുവിശേഷം ദൈവദാനമാണ് എന്ന് പല ഭാഗത്തും പൗലൊസ് വ്യക്തമാക്കുന്നുണ്ട്. "*സഹോദരന്മാരേ, ഞാൻ അറിയിച്ച സുവിശേഷം മാനുഷമല്ല എന്ന് നിങ്ങളെ ഓർപ്പിക്കുന്നു*" (ഗലാ. 1:11). രണ്ടാമത്തെ പ്രത്യേകത, അത് ക്രിസ്തുവിനെക്കുറിച്ചുള്ളതാണ് അഥവാ ക്രിസ്തു തന്നെയാണ് സുവിശേഷം. "*ദാവീദിന്റെ സന്തതിയായി ജനിച്ച് മരിച്ചിട്ട് ഉയിർത്തെഴുന്നേറ്റിരിക്കുന്ന യേശുക്രിസ്തുവിനെ ഓർത്തു കൊൾക; അതാകുന്നു എന്റെ സുവിശേഷം*" (2 തിമൊ. 2:8). സുവിശേഷം അറിയിക്കുവാൻ നാം പല മാദ്ധ്യമങ്ങൾ ഉപയോഗിച്ചെന്ന് വരാം. എന്നാൽ സുവിശേഷത്തിന്റ ഏറ്റവും കാതലായ ക്രിസ്തുവിനെ വിസ്മരിക്കാതിരിക്കാൻ നാം ശ്രദ്ധിക്കണം. ഇന്ന് സുവിശേഷത്തിന്റെ പേരിൽ സാമൂഹിക സാഹോദര്യത്തെയും സർവ്വമതഐക്യതയെയും പുകഴ്ത്തി ലോകത്തെയും, ക്രിസ്തുവിനേയും വഞ്ചിക്കുന്ന മത മേലദ്ധ്യക്ഷന്മാർ ക്രിസ്തുവിന്റെ സന്ദേശ വാഹകരല്ല, സാത്താന്റെ ചട്ടുകങ്ങളാണ്. ക്രിസ്തുവിനെക്കുറിച്ച് പ്രസംഗിച്ചാൽ അവടെ സ്വാഭാവികമായും സാമൂഹിക സാഹോദര്യം ഉടലെടുക്കും. മൂന്നാമതായി, അത് പൗലൊസിനെ ഭരമേല്പിച്ചതാണ്. പൗലൊസ് എഴുതുന്നത് ശ്രദ്ധിക്കുക: "*ദൈവം യേശുക്രിസ്തു മുഖാന്തരം മനുഷ്യരുടെ രഹസ്യങ്ങളെ എന്റെ സുവിശേഷ പ്രകാരം ന്യായം വിധിക്കുന്ന നാളിൽ തന്നെ*" (റോമർ 2:16). ക്രിസ്തുവിന്റെ സുവിശേഷം എങ്ങനെയാണ് പൗലൊസിന്റെ സുവിശേഷം ആയത്? ക്രിസ്തു പൗലൊസിനെ നേരിട്ട് തന്റെ അപ്പൊസ്തലനും സന്ദേശവാഹകനും ആക്കിയതിനാൽ അത് പൗലൊസിന്റെ സുവിശേഷമായി. എന്തൊരു ആത്മാർത്ഥയും സമർപ്പണവുമാണ് പൗലൊസിൽ നാം ദർശിക്കുന്നത്! ഈ അനുഭവം നമ്മുടേയും അനുഭവമാകണം. നാം സുവിശേഷത്തിന്റെ നന്മ ആവോളം അനുഭവി ക്കുന്നവരാണ്; എന്നാൽ അതിനോടുള്ള പ്രതിബദ്ധതയിലും ആത്മാർത്ഥയിലും നാം പിന്നോക്കം നില്ക്കുന്നവരാണ്.

ദൈവം തന്നെ ഭരമേൽപ്പിച്ച ക്രിസ്തുവിന്റെ സുവിശേഷത്തോടുള്ള മനോ ഭാവവും നമുക്ക് ഒന്നാമദ്ധ്യായത്തിൽ കാണാൻ കഴിയും. സുവിശേഷത്തിനായി താൻ വേർതിരിച്ച് വിളിക്കപ്പെട്ടവനാണ് (1:2); അബദ്ധവശാൽ സുവിശേകനായതല്ല എന്നർത്ഥം. ഈ സുവിശേഷം മറ്റുള്ളവരോടു അറിയിക്കുന്നതിൽ താൻ ഒരു കടക്കാരനാണ് (1:14). ഓരോ വ്യക്തിയോടും സുവിശേഷം അറിയിക്കേണ്ടത് തന്റെ കടമയും, ജീവിതാഭിലാഷവുമാണ്. ഈ സുവിശേഷം അറിയിക്കുന്നതിൽ താൻ ആവോളം ഒരുങ്ങിയിരിക്കുന്നു (1:15); എല്ലാവരോടും താൻ കടക്കാരനാണ് എന്ന് പറഞ്ഞിട്ട് വെറുതെയിരിക്കയല്ല, ഈ സന്ദേശം അറിയിക്കുവാൻ എന്തു ത്യാഗം സഹിക്കാനും പൗലൊസ് ഒരുക്കമുള്ളവനായിരുന്നു. ഈ സുവിശേഷത്തെക്കുറിച്ച് എനിക്ക് ലജ്ജയില്ല (1:16); യാതോരു സങ്കോചവും കൂടാതെ വളരെ സന്തോഷത്തൊടെ അറിയിച്ച ഈ സുവിശേഷം തന്റെ ഹൃദയവികാരമായി മാറിക്കഴിഞ്ഞു. ഈ സന്ദേശം ദൈവശക്തിയാണ് (1:16); അസാദ്ധ്യമെന്ന് നാം കരുതുന്ന വ്യക്തികളെ രൂപാന്തരപ്പെടുത്തി തന്റെ പുതിയ സൃഷ്ടിയാക്കാൻ ക്രിസ്തുവിന് മാത്രമേ കഴിയു. പൗലൊസ് തന്റെ മൂന്ന് പദവികൾ എടുത്ത് പറയുമ്പോൾ, നമ്മുടെ ദൗത്യനിർവ്വഹണത്തിന്റെ പുനർവിചാരണത്തിന് അത് നമ്മെ നിർബന്ധിതരാക്കുന്നു. ദൈവം അതിനായി നമ്മെ സഹായിക്കട്ടെ. **(തുടരും)**

# സഹസ്രാബ്ദകാലം-3
# സഹസ്രാബ്ദത്തിലെ പ്രജകളും ആരാധനയും

**ഡോ. ഒ.എം. ശാമുവേൽ, മാവേലിക്കര**

**1. സഹസ്രാബ്ദത്തിലെ പ്രജകൾ**

യേശുക്രിസ്തുവിന്റെ രാജ്യത്തിലെ പ്രജകളിൽ ഒരു വിഭാഗം യിസ്രായേലും മറ്റേത് ജാതികളുമാണെന്ന് നാം കണ്ടുകഴിഞ്ഞു. മറ്റൊരു വിഭാഗം ആളുകളും ഈ വിഭാഗത്തിൽ ഉൾപ്പെടും. അതു തേജസ്കരിക്കപ്പെട്ട വിശുദ്ധന്മാരാണ്. തേജസ്കരിക്കപ്പെട്ട വിശുദ്ധന്മാർ എന്നു പറയുന്നത് പുനരുത്ഥാന ഫലമായി മഹത്വശരീരം ലഭിക്കുന്നവരാണ്. സഭായുഗത്തിലെ വിശുദ്ധന്മാർക്ക് സഭയുടെ ഉൽപ്രാപണത്തിൽ കൂടെ ഇത് കൈവരും. പഴയ നിയമ വിശുദ്ധന്മാരും മഹോപദ്രവകാലത്തെ വിശുദ്ധന്മാരും മഹോപദ്രവകാലത്തിനു ശേഷം നടക്കുന്ന പുനരുത്ഥാനത്തിൽ തേജസ്കരിക്കപ്പെടും.

സഹസ്രാബ്ദത്തിൽ തേജസ്കരിക്കപ്പെട്ട വിശുദ്ധന്മാർ എവിടെ താമസിക്കും എന്ന ചോദ്യത്തിനു എളുപ്പം മടുപടി പറയുക സാധ്യമല്ല. അർ ഭൂമിയിലുള്ള വിശുദ്ധന്മാരോടു കൂടെ ജീവിക്കും എന്നു കരുതാമോ? വ്യത്യസ്ത ശരീരവും സ്വഭാവവുമുള്ള ജീവിക്കുന്ന വിശുദ്ധന്മാരും തേജസ്കരണം പ്രാപിച്ച വിശുദ്ധന്മാരും ഒരുമിച്ചു ജീവിക്കും എന്നു കരുതുക സാധ്യമല്ല. ഈ വിഷയത്തെ സംബന്ധിച്ച് മൂന്നുവിധ അഭിപ്രായങ്ങളാണ് പണ്ഡിതന്മാരുടെ മദ്ധ്യത്തിലുള്ളത്.

(1). തേജസ്കരിക്കപ്പെട്ട വിശുദ്ധന്മാരും ജീവനുള്ള വിശുദ്ധന്മാരും ഒരുമിച്ചു ജീവിക്കും എന്നാണ് ഒരഭിപ്രായ ഗതി. യേശുക്രിസ്തു പുനരുത്ഥാനം ചെയ്തതിനു ശേഷം സ്വർഗ്ഗാരോഹണം വരെയുള്ള കാലഘട്ടത്തിൽ ഈ ലോകത്തിൽ തന്നെയായിരുന്നു ജീവിച്ചത്. തന്റെ ശിഷ്യന്മാരോടുകൂടി ഭക്ഷിക്കുകയും, സംസാരിക്കുകയും ചെയ്യുന്നുണ്ട് (ലൂക്കൊസ് 24:30). അതുപോലെ കർത്താവിന്റെ പുനരുത്ഥാന സമയത്ത് ഉയിർത്തെഴുന്നേറ്റ പഴയനിയമ വിശുദ്ധന്മാരും അൽപകാലം ഈ ഭൂമിയിൽ തന്നെയാണ് ജീവിച്ചത്. ഭൂമിയിൽ ജീവിക്കുന്ന വിശുദ്ധന്മാരെപ്പോലെ ഒരു കുടുംബജീവിതം നയിക്കുന്നവരായിരിക്കുകയില്ല തേജസ്കരിക്കപ്പെട്ടവർ. കാരണം, അവർ വിവാഹം കഴിക്കയോ കുടുംബജീവിതം നയിക്കുകയോ ചെയ്യുന്നില്ല (മത്തായി 22:30).

(2). രണ്ടാമത്തെ അഭിപ്രായ ഗതി തേജസ്കരിക്കപ്പെട്ട വിശുദ്ധന്മാർ പുതിയ യെരുശലേമിൽ താമസിക്കുമെന്നാണ്. പുതിയ യെരുശലേം ഭൂമിയ്ക്കു മേലുള്ള അന്തരീക്ഷത്തിലായിരിക്കും സ്ഥിതി ചെയ്യുന്നത്. ഭൂമിയുമായി വളരെ വേഗം ബന്ധപ്പെടത്തക്ക ദൂരം മാത്രമേ ഉണ്ടായിരിക്കയുള്ളു. പുതിയ യെരുശലേമിന്. ആയിരമാണ്ടു വാഴ്ച ജീവനുള്ള വിശുദ്ധന്മാർക്കു വേണ്ടിയുള്ളതാണ്. അവരാണ് ഈ സമയത്തെ പ്രധാന ഘടകം. ആ നിലയിൽ തേജസ്കരിക്കപ്പെടുന്ന വിശുദ്ധന്മാർക്ക് വേർതിരിച്ചൊരു വാസസ്ഥലം ഉണ്ടാവുക എന്നുള്ളത് ഈ തത്ത്വത്തിന് അനുയോജ്യമാണ്.

(3). തേജസ്കരിക്കപ്പെട്ട വിശുദ്ധന്മാരുടെ വാസസ്ഥലം സ്വർഗ്ഗം ആയിരിക്കുമെന്നാണ് ഡോ. മക്ക്ളെയിനെപ്പോലുള്ള പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നത്. ഭൂമിയിലെ ഭരണ കാര്യങ്ങളിൽ ഏർപ്പെടുന്നതിന് ദൂരം ഒരു പ്രശ്നമായി തോന്നാമെങ്കിലും തേജസ്കരിക്കപ്പെട്ട ശരീരത്തിന് അതു പ്രശ്നമായിരിക്കയില്ല.

ഇങ്ങനെ മൂന്നു സാദ്ധ്യതകൾ തേജസ്കരിക്കപ്പെട്ട വിശുദ്ധന്മാരുടെ വാസത്തെക്കുറിച്ചുണ്ട്. മൂന്നും അംഗീകാരയോഗ്യമാണ്.

**2. സഹസ്രാബ്ദകാലത്തെ ആരാധന**

ആയിരമാണ്ടുകാലത്തെ പ്രധാനപ്പെട്ട ഒരു ഘടകം അന്നത്തെ ആരാധനയാണ്. ഇക്കാലത്തെ ആരാധന പൂർണ്ണമായും സത്യത്തിലും വിശുദ്ധിയിലുമുള്ള ആരാധനയായിരിക്കും. സഹസ്രാബ്ദകാലത്തിന്റെ ആരംഭത്തിൽ യഥാർത്ഥത്തിൽ വീണ്ടെടുക്കപ്പെട്ടവർ മാത്രമെ ഉണ്ടായിരിക്കുകയുള്ളു. മാത്രവുമല്ല, പരുശുദ്ധാത്മാവിന്റെ പകർച്ചയും ഇക്കാലത്ത് ഉണ്ടാകും (യോവേൽ 2:28,29). ആരാധനയ്ക്കുള്ള ഒരന്തരീക്ഷം കർത്താവിന്റെ ഭരണം കൊണ്ട് ഉണ്ടാവുകയും ചെയ്യും. നൂറ്റാണ്ടുകളായി പ്രതീക്ഷിച്ചിരുന്ന ആ ശുഭാവസരം ലഭ്യമായതിൽ വിശുദ്ധന്മാരുടെ ഹൃദയം നന്ദികൊണ്ടു നിറയും.

ഈ സമയം കർത്താവു രാജാവും പുരോഹിതനും ആയിരിക്കും. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, ആത്മീയമായും സാമൂഹ്യമായും യേശുക്രിസ്തു തികഞ്ഞ നേതാവായിരിക്കും. സൈന്യങ്ങളുടെ യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു, മുള എന്നു പേരുള്ള ഒരു പുരുഷനുണ്ടല്ലോ, അവൻ

**ശേഷം 19-ാം പേജിൽ**

# ക്രിസ്തുവിന്റെ പ്രത്യക്ഷതകൾ

**ഡോ. കെ. സി. ജോൺസൺ, മാവേലിക്കര**

ജഡാവതാരമെടുക്കുന്നതിനു മുമ്പുള്ള യേശുക്രിസ്തുവിന്റെ പ്രത്യക്ഷതകളെക്കുറിച്ച് പഴയനിയമത്തിൽ സൂചനകളുണ്ട്. എന്നാൽ യേശുക്രിസ്തുവിന്റെ നിസ്തുല്യത വ്യക്തമാക്കുന്ന എബ്രായർക്ക് എഴുതിയ ലേഖനത്തിൽ മനുഷ്യരോടുള്ള ബന്ധത്തിൽ ക്രിസ്തുവിന്റെ മൂന്നു പ്രത്യക്ഷതകളെക്കുറിച്ച് ലേഖകൻ തന്റെ അനുവാചകരെ ഓർപ്പിക്കുന്നുണ്ട്. യേശുക്രിസ്തുവിന്റെ ഈ ത്രികാല പ്രത്യക്ഷതകളെക്കുറിച്ചുള്ള ഒരു പഠനമാണ് ഈ ലേഖനം.

**1. യേശുക്രിസ്തുവിന്റെ പൂർവ്വപ്രത്യക്ഷത**

''*മഹാപുരോഹിതൻ ആണ്ടുതോറും അന്യരക്തത്തോടുകൂടെ വിശുദ്ധമന്ദിരത്തിൽ പ്രവേശിക്കുന്നതുപോലെ അവൻ തന്നെത്താൻ കൂടെക്കൂടെ അർപ്പിപ്പാൻ ആവശ്യമില്ല. അങ്ങനെയായാൽ ലോകസ്ഥാപനം മുതല്ക്കു അവൻ പലപ്പോഴും കഷ്ടമനുഭവിക്കേണ്ടിയിരുന്നു. എന്നാൽ അവൻ ലോകാവസാനത്തിൽ* (ശരിയായ തർജ്ജമ യുഗാവസാനത്തിൽ എന്നാണ്) *സ്വന്തയാഗംകൊണ്ടു പാപപരിഹാരം വരുത്തുവാൻ ഒരിക്കൽ പ്രത്യക്ഷനായി*'' (എബ്രാ. 9:25,26). എബ്രായർക്ക് എഴുതിയ ലേഖനത്തിന്റെ അനുവാചകരായ യെഹൂദാ ക്രിസ്ത്യാനികളിൽ ചിലർ പ്രാധാന്യം നൽകുന്ന അഹരോനും മറ്റു മഹാപുരോഹിതന്മാരും ആദ്യം സ്വന്തപാപങ്ങൾക്കായും പിന്നെ ജനത്തിന്റെ പാപങ്ങൾക്കായും ദിനംപ്രതി യാഗം കഴിക്കേണ്ടവർ ആയിരുന്നു (എബ്രാ. 7:27). മാത്രമല്ല, ആണ്ടുതോറും അന്യരക്തത്തോടുകൂടെ അതാതു വർഷത്തെ മഹാപുരോഹിതന്മാർ വിശുദ്ധമന്ദിരത്തിൽ പ്രവേശിക്കണമായിരുന്നു. എന്നാൽ യേശുക്രിസ്തു യുഗാവസാനത്തിൽ സ്വന്തയാഗംകൊണ്ടു പാപപരിഹാരം വരുത്തുവാൻ ഒരിക്കൽ പ്രത്യക്ഷനായി. പുത്രനാം ദൈവത്തിന്റെ ജഡാവതാരമാണ് ഈ പ്രത്യക്ഷത (എബ്രാ. 9:26). ഈ പ്രത്യക്ഷതയുടെ ആത്യന്തിക ലക്ഷ്യം എന്നത് മനുഷ്യന്റെ പാപത്തിനു പരിഹാരം വരുത്തുക എന്നതുമായിരുന്നു.

സ്ത്രീപുരുഷ സന്തതികളായി ജനിച്ച സകല മനുഷ്യരും ദൈവസന്നിധിയിൽ പാപികളായി ജനിച്ചവരാണ്. പാപപ്രവൃത്തികളിൽ വ്യത്യാസമുണ്ടെങ്കിലും പാപസ്വഭാവത്തിൽ എല്ലാവരും ഒരുപോലെതന്നെയാണന്ന് ബൈബിൾ വ്യക്തമാക്കുന്നു: "*ഒരു വ്യത്യാസവുമില്ല, എല്ലാവരും പാപം ചെയ്ത് ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നു*" (റോമർ 3:23). ഈ പാപത്തിന് നീതിമാനായ ദൈവത്തിന്റെ ശിക്ഷ മരണമാണ്. "*പാപത്തിന്റെ ശമ്പളം മരണമത്രെ*'' (റോമർ 6:23). എബ്രായർക്ക് എഴുതിയ ലേഖനത്തിന്റെ രചയിതാവ് പാപത്തിന്റെ ശിക്ഷ വ്യക്തമാക്കുന്നത് ഇപ്രകാരമാണ്: "*ഒരിക്കൽ മരിക്കയും പിന്നെ ന്യായവിധിയും മനുഷ്യർക്ക് നിയമിച്ചിരി*"ക്കുന്നു (എബ്രാ. 9:27). പാപിയായ മനുഷ്യന് ഒരു മരണമുണ്ട്; ആ ശാരീരിക മരണശേഷം ഒരു ന്യായവിധിയുമുണ്ട്. പാപിയായ മനുഷ്യനെ ദൈവം ന്യായം വിധിച്ച് നിത്യനരകത്തിലേക്ക് തള്ളിക്കളയും (വെളി. 20:14; 21:8). എന്നാൽ യുഗാവസാനത്തിൽ മനുഷ്യനായി പ്രത്യക്ഷനായ അർത്ഥാൽ ജഡാവതാരമെടുത്ത യേശുക്രിസ്തു ''*അനേകരുടെ പാപങ്ങളെ ചുമപ്പാൻ ഒരിക്കൽ അർപ്പിക്കപ്പെട്ടു*" (എബ്രാ. 9:28) പാപത്തിനു പരിഹാരം വരുത്തി.

ചരിത്രത്തിന്റെ കേന്ദ്രവ്യക്തിയായി യേശുക്രിസ്തു വിരാചിക്കുന്നതുപോലെ തന്നെ എന്നത്തേയും കേന്ദ്രസംഭവമായി ക്രിസ്തുവിന്റെ മരണം നിലകൊള്ളുന്നു. ലോകചരിത്രത്തിൽ ഇന്നോളം അങ്ങനെ ഒരു മരണം നടന്നിട്ടില്ല; നടക്കുകയുമില്ല. പഴയനിയമ തിരുവെഴുത്തുകൾ മുഴുവൻ അതിലേക്കാണ് വിരൽ ചൂണ്ടിയത്. പുതിയനിയമ തിരുവെഴുത്തുകൾ മുഴുവൻ അർത്ഥവത്താകുന്നത് അതിലാണ്. മോശെയും പ്രവചാകന്മാരും

**എന്നത്തേയും കേന്ദ്രസംഭവമായി ക്രിസ്തുവിന്റെ മരണം നിലകൊള്ളുന്നു. ലോകചരിത്രത്തിൽ ഇന്നോളം അങ്ങനെ ഒരു മരണം നടന്നിട്ടില്ല; നടക്കുകയുമില്ല. പഴയനിയമ തിരുവെഴുത്തുകൾ മുഴുവൻ അതിലേക്കാണ് വിരൽ ചൂണ്ടിയത്. പുതിയനിയമ തിരുവെഴുത്തുകൾ മുഴുവൻ അർത്ഥവത്താകുന്നത് അതിലാണ്.**

സങ്കീർത്തനങ്ങളും ആ മഹാസംഭവത്തെയാണ് ഉറക്കെ പ്രഖ്യാപിച്ചത് (ലൂക്കൊസ് 24:25,27). സുവിശേഷത്തിന്റെ വിഷയം അതാണ് (1 കൊരി. 15:3). സമയത്തിനും ചരിത്രത്തിനും ഭൂമിശാസ്ത്രത്തിനും മദ്ധ്യേ ക്രിസ്തുവിന്റെ ക്രൂശ് ഉയർന്നു നിൽക്കുന്നു. ക്രൂശുമരണം സംഭവിച്ച സ്ഥലത്തു നിന്നാണ് കിഴക്കും പടിഞ്ഞാറും തെക്കും വടക്കും എന്ന ദിക്കുകൾ തിരിച്ചിരിക്കുന്നത്. കറുത്തവനെന്നോ വെളുത്തവനെന്നോ പണ്ഡിതനെന്നോ പാമരനെന്നോ കുടിൽ വാസിയെന്നോ കൊട്ടാരവാസിയെന്നോ വ്യത്യാസമില്ലാതെ സകലജാതികളിൽ നിന്നും, വംശങ്ങളിൽ നിന്നും, വിശ്വാസങ്ങളിൽ നിന്നും ഏവരേയും ഒന്നിക്കുന്ന അത്ഭുതസ്ഥലമാണിത്. ഇപ്പോൾ ഒരു ജാതി - "*ദൈവത്തിന്റെ ജനം*," ഒരു വംശം - "*വിശുദ്ധവംശം*," ഒരു വിശ്വാസം - "*ക്രൂശിക്കപ്പെട്ടവനായ യേശുക്രിസ്തു*" (1 പത്രൊസ് 2:9,10; 1 കൊരി. 2:2). ഭൂമിശാസ്ത്രപരമായി തിരിക്കുന്നതു പോലെ തന്നെ ആത്മീയമായും തരം തിരിക്കുന്നു. ക്രിസ്തുവിന്റെ മരണത്തെ വിശ്വസിക്കാത്തവർ, തങ്ങളുടെ ജീവിതവുമായിട്ടുള്ള അതിന്റെ ബന്ധം മനസിലാക്കാത്തവർ, നരകത്തിന്റെ മക്കളായിരിക്കും; ക്രിസ്തുവില്ലാതെ പ്രത്യാശയില്ലാതെ ഈ ലോകത്തിലായിരിക്കുന്നവരാണ് ഈ കൂട്ടർ. യേശുക്രിസ്തു മരിച്ചു എന്ന് മാത്രം മനസിലാക്കിയാൽ പോരാ! എന്തിനാണ് ക്രിസ്തു മരിച്ചത്, ആർക്കു വേണ്ടിയാണ് അവിടുന്ന് മരിച്ചത്, മരണം മൂലം എന്താണ് സാധിച്ചത് എന്നതൊക്കെ ഒരുവൻ മനസിലാക്കിയെങ്കിൽ മാത്രമേ അവിടുത്തെ മരണം എനിക്കു വേണ്ടിയായിരുന്നു, എൻ പേർക്കായിരുന്നു എന്ന് വിശ്വസിക്കുവാൻ സാധിക്കുകയുള്ളൂ. ഈ യേശുക്രിസ്തുവിനെ സ്വന്തം രക്ഷകനും കർത്താവുമായി സ്വീകരിക്കുവാൻ രക്ഷിക്കപ്പെടാത്ത എല്ലാ വായനക്കാരേയും ദൈവം സഹായിക്കട്ടെ.

യേശുക്രിസ്തുവിന്റെ ഈ പൂർവ്വപ്രത്യക്ഷതയിൽനടന്ന യേശുക്രിസ്തുവിന്റെ മരണ പുനരുത്ഥാനത്താൽ പിതാവായ ദൈവം നമ്മെ രക്ഷിച്ചു (1 പത്രൊസ് 1:5). പാപത്തിന്റെ ശിക്ഷയിൽ നിന്നും നമ്മെ രക്ഷിച്ചു (റോമർ 8:1). നമ്മുടെ ആത്മാവിന്റെ രക്ഷ അങ്ങനെ സാധ്യമായിത്തീർന്നു. മാത്രമല്ല, സ്ഥാനീയമായി നാം വിശുദ്ധീകരിക്കപ്പെടുകയും ചെയ്തു.

**2. യേശുക്രിസ്തുവിന്റെ വർത്തമാനപ്രത്യക്ഷത**

"*ക്രിസ്തു വാസ്തവമായതിന്റെ പ്രതിബിംബമായി കൈപ്പണിയായ വിശുദ്ധമന്ദിരത്തിലേക്കല്ല, ഇപ്പോൾ നമുക്കു വേണ്ടി ദൈവസന്നിധിയിൽ പ്രത്യക്ഷനാവാൻ സ്വർഗ്ഗത്തിലേക്കത്രേ പ്രവേശിച്ചതു*" (എബ്രാ. 9:24). സ്വർഗ്ഗാരോഹണം ചെയ്ത യേശുക്രിസ്തു ഇപ്പോൾ പിതാവായ ദൈവത്തിന്റെ സന്നിധിയിൽ ദൈവമക്കൾക്കുവേണ്ടി പ്രത്യക്ഷനായിക്കൊണ്ടിരിക്കുകയാണ്. ഇത് യേശുക്രിസ്തുവിന്റെ പക്ഷവാദ ശുശ്രൂഷയെ കാണിക്കുന്നു. "*ക്രിസ്തുയേശു മരിച്ചവൻ; മരിച്ചിട്ടു ഉയിർത്തെഴുന്നേറ്റവൻ തന്നേ; അവൻ ദൈവത്തിന്റെ വലത്തുഭാഗത്തിരിക്കയും നമുക്കുവേണ്ടി പക്ഷവാദം കഴിക്കയും ചെയ്യുന്നു*" (റോമർ 8:34). "*എന്റെ കുഞ്ഞുങ്ങളേ, നിങ്ങൾ പാപം ചെയ്യാതിരിപ്പാൻ ഞാൻ ഇതു നിങ്ങൾക്കു എഴുതുന്നു. ഒരുത്തൻ പാപം ചെയ്തു എങ്കിലോ, നീതിമാനായ യേശുക്രിസ്തു എന്ന കാര്യസ്ഥൻ നമുക്കു പിതാവിന്റെ അടുക്കൽ ഉണ്ടു*" (1 യോഹ. 2:1). യേശുക്രിസ്തുവിന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ട ദൈവമക്കൾക്കുവേണ്ടി സ്വർഗ്ഗത്തിൽ പിതാവായ ദൈവത്തിന്റെ വലത്തുഭാഗത്തിരുന്ന് നമുക്കുവേണ്ടി പക്ഷവാദം കഴിക്കുന്ന ശുശ്രൂഷയാണ് യേശുക്രിസ്തുവിന്റെ വർത്തമാനപ്രത്യക്ഷതയിൽ നടന്നുകൊണ്ടിരിക്കുന്നത്.

യേശുക്രിസ്തുവിന്റെ വർത്തമാനപ്രത്യക്ഷത മുഖാന്തരം ദൈവം നമ്മെ പാപത്തിന്റെ ശക്തിയിൽ നിന്നും രക്ഷിച്ചുകൊണ്ടിരിക്കുന്നു (1 പത്രൊസ് 1:4; 2:1,2). നമ്മുടെ ദേഹിയുടെ രക്ഷ സാദ്ധ്യമായിക്കൊണ്ടിരിക്കയാണ്. യേശുക്രിസ്തുവിന്റെ ഈ വർത്തമാനപ്രത്യക്ഷത പ്രായോഗിക ശുദ്ധീകരണത്തിൽ നമ്മെ വളരെയധികം സഹായിക്കുകയും ചെയ്യും.

**3. യേശുക്രിസ്തുവിന്റെ ഭാവിപ്രത്യക്ഷത**

"*. . . തനിക്കായി കാത്തുനില്ക്കുന്നവരുടെ രക്ഷെക്കായി അവൻ പാപം കൂടാതെ രണ്ടാമതു പ്രത്യക്ഷനാകും*" (എബ്രാ. 9:28). കർത്താവിൽ വിശ്വസിക്കുന്ന ദൈവമക്കളെ, തന്റെ സഭയെ, ചേർക്കുന്നതിനുള്ള കർത്താവായ യേശുക്രിസ്തുവിന്റെ വീണ്ടും വരവിനെയാണ് ഇവിടെ ലേഖകൻ പരാമർശിക്കുന്നത്. പഴയനിയമ കാലഘട്ടത്തിൽ, പാപപരിഹാരദിവസത്തിൽ, അവരുടെ പാപപരിഹാരം സാധ്യമായിത്തീർന്നു എന്നു ഉറപ്പിക്കുന്നതിന് അതിവിശുദ്ധസ്ഥലത്തേക്കു കടന്നുപോയ മഹാപുരോഹിതനെ യിസ്രായേൽ ജനം കാത്തുനിന്നിരുന്നതുപോലെ, സ്വർഗ്ഗത്തിൽ ഇപ്പോൾ പ്രത്യക്ഷനായിക്കൊണ്ടിരിക്കുന്ന യേശുക്രിസ്തു തന്നെ കാത്തിരി

ക്കുന്നവരുടെ രക്ഷക്കായി പാപം കൂടാതെ രണ്ടാമതു പ്രത്യക്ഷനാകും. സ്വർഗ്ഗത്തിനു വെളിയിലേക്കുള്ള യേശുക്രിസ്തുവിന്റെ ഒന്നാമത്തെ വരവ് പാപത്തിനു പരിഹാരം വരുത്തുന്നതിനായിരുന്നു എങ്കിൽ സ്വർഗ്ഗത്തിനു വെളിയിലേക്കുള്ള രണ്ടാമത്തെ വരവ് വിശുദ്ധന്മാരുടെ ശരീരത്തിനു വീണ്ടെടുപ്പ് നല്കുന്നതിനു വേണ്ടിയാണ്. ഒന്നാമത്തെ വരവ് നമ്മുടെ ആത്മാവിന്റെ രക്ഷയ്ക്കുവേണ്ടി ആയിരുന്നു എങ്കിൽ സ്വർഗ്ഗത്തിനു വെളിയിലേക്കുള്ള രണ്ടാമത്തെ വരവ് അവരുടെ ശരീരത്തിന്റെ രക്ഷയ്ക്കു വേണ്ടിയാണ്. ഇതു സംബന്ധിച്ചുള്ള പൗലൊസിന്റെ വാക്കുകൾ ശ്രദ്ധിക്കുക: *"നമ്മുടെ പൗരത്വമോ സ്വർഗ്ഗത്തിൽ ആകുന്നു; അവിടെനിന്നു കർത്താവായ യേശുക്രിസ്തു രക്ഷിതാവായി വരും എന്നു നാം കാത്തിരിക്കുന്നു. അവൻ സകലവും തനിക്കു കീഴ്പെടുത്തുവാൻ കഴിയുന്ന തന്റെ വ്യാപാരശക്തികൊണ്ടു നമ്മുടെ താഴ്ചയുള്ള ശരീരത്തെ തന്റെ മഹത്വമുള്ള ശരീരത്തോടു അനുരൂപമായി രൂപാന്തരപ്പെടുത്തും"* (ഫിലി. 3:20,21).

യേശുക്രിസ്തുവിന്റെ ഭാവിപ്രത്യക്ഷതയിൽ പാപത്തിന്റെ സാന്നിദ്ധ്യത്തിൽ നിന്നും കർത്താവ് നമ്മെ രക്ഷിക്കും. നാം കർത്താവിന്റെ സന്നിധിയിലേക്ക് ചേർക്കപ്പെടും. *"ഇങ്ങനെ നാം എപ്പോഴും കർത്താവിനോടുകൂടെ ഇരിക്കും"* (1 തെസ്സ. 4:17). ദൈവമക്കളുടെ വിശുദ്ധീകരണത്തിന്റെ പൂർത്തീകരണമായ പരിപൂർണ്ണ ശുദ്ധീകരണം സംഭവിക്കുന്നത് കർത്താവായ യേശുക്രിസ്തുവിന്റെ ഭാവിപ്രത്യക്ഷതയിലാണ്. ഇതിനെക്കുറിച്ച് പൗലൊസ് 1 തെസ്സ. 5:23-ൽ രേഖപ്പെടുത്തിയിരിക്കുന്നത് ഇപ്രകാരമാണ്: *"സമാധാനത്തിന്റെ ദൈവം തന്നെ നിങ്ങളെ മുഴുവനും ശുദ്ധീകരിക്കുമാറാകട്ടെ; നിങ്ങളുടെ ആത്മാവും പ്രാണനും ദേഹവും അശേഷം നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പ്രത്യക്ഷതയിൽ അനിന്ദ്യമായി വെളിപ്പെടുംവണ്ണം കാക്കപ്പെടുമാറാകട്ടെ."* വിശ്വസ്തനായ ദൈവംതന്നെ അതു നിവർത്തിക്കുമെന്നും പൗലൊസ് രേഖപ്പെടുത്തിയിട്ടുണ്ട് - *"നിങ്ങളെ വിളിക്കുന്നവൻ വിശ്വസ്തൻ ആകുന്നു; അവൻ അതു നിവർത്തിക്കും"* (1 തെസ്സ. 5:24).

നമ്മുടെ കർത്താവ് എത്ര ശ്രേഷ്ഠനായ ദൈവമാണ്. ഒരിക്കൽ പ്രത്യക്ഷനായി നമ്മെ രക്ഷിച്ച നമ്മുടെ നാഥൻ ഇന്നും പിതാവായ ദൈവത്തിന്റെ സന്നിധിയിൽ പ്രത്യക്ഷനായി നമ്മെ സദാ കരുതിക്കൊണ്ടിരിക്കുന്നു. തന്റെ വാഗ്ദത്തം പോലെ എത്രയും വേഗം നമ്മെ ചേർക്കുന്നതിന് താൻ വീണ്ടും പ്രത്യക്ഷനാകുകയും ചെയ്യും. ആ വരവിനായി നമുക്ക് ഒരുങ്ങാം. അതിനായി എല്ലാ അനുവാചകരേയും നമ്മുടെ കർത്താവ് സഹായിക്കുമാറാകട്ടെ. ●

---

**(13 -ാം പേജ് തുടർച്ച)**

രക്ഷ പ്രാപിക്കാത്തവനാണ്. രക്ഷിക്കപ്പെട്ട ഒരു വ്യക്തിയിൽ നിന്നും ദൈവാത്മാവ് ഒരിക്കലും വിട്ടു പോകയില്ല.

ഒരുവനിലെക്ക് പരിശുദ്ധാത്മാവ് വരുവാൻ ആവശ്യമായിരിക്കുന്ന സംഗതി 'ദൈവത്തെ അനുസരിക്കുക' എന്നാണ്. "ദൈവം തന്നെ അനുസരിക്കുന്നവർക്കു നല്കിയ പരിശുദ്ധാത്മാവ്" എന്ന് പത്രൊസ് സാക്ഷീകരിക്കുന്നു (അപ്പൊ. 5:32). ക്രിസ്തുവിൽ വിശ്വസിക്കാത്ത സന്നിദ്രിം സംഘത്തോടാണ് പത്രൊസ് ഇതു പറഞ്ഞത്. ദൈവത്തെ അനുസരിക്കുക എന്നത് മനുഷ്യ ജാതിയുടെ രക്ഷക്കായി നല്കിയ തന്റെ പുത്രനിൽ വിശ്വസിക്ക എന്നതാണ്. "പുത്രനെ നോക്കികൊണ്ട് അവനിൽ വിശ്വസിക്കുന്ന ഏവനും നിത്യജീവൻ ഉണ്ടാകണമെന്നാകുന്നു എന്റെ പിതാവിന്റെ ഇഷ്ടം" (യോഹ. 6:40). ദൈവത്തിനു പ്രസാദമുള്ള പ്രവൃത്തി അവൻ അയച്ചവനിൽ വിശ്വസിക്കുന്നതത്രേ (യോഹ. 6:29). "ക്രിസ്തു തന്നെ അനുസരിക്കുന്ന ഏവർക്കും നിത്യരക്ഷയുടെ കാരണഭൂതനായി തീർന്നു" (എബ്രാ. 5:9). ഇവിടെ സുവിശേഷത്തിൽ വിശ്വസിക്കുന്നതിനെയാണ് 'അനുസരിക്കുക' എന്നു പറഞ്ഞിരിക്കുന്നതിന്റെ സാരം. പൗലൊസിന്റെ വാക്കുകളിൽ ഇത് വ്യക്തമാണ്. "ഞങ്ങൾ അവന്റെ നാമത്തിനായി സകലജാതികളുടെയും ഇടയിൽ വിശ്വാസത്തിന് അനുസരണം വരുത്തേണ്ടതിനു കൃപയും അപ്പൊസ്തലത്വവും പ്രാപിച്ചത് (റോമർ 1:6). ആകയാൽ സുവിശേഷത്തിൽ വിശ്വസിക്കുന്നവർക്ക് ദൈവം തന്റെ പരിശുദ്ധാത്മാവിനെ ദാനമായി നല്കുന്നു. സന്നിദ്രീം സംഘത്തിൽ പെട്ടവരും പുരോഹിതന്മാരിൽ വലിയോരു കൂട്ടവും വിശ്വാസത്തിന് അധീനരായി തീർന്നു (അപ്പൊ. 6:7).

# വിശ്വാസിയിൽ പരിശുദ്ധാത്മാവിന്റെ അധിവാസം

തോമസ് ഏബ്രഹാം, അറ്റലാന്റാ

ഒരു വിശ്വാസിക്ക് ദൈവത്തിൽ നിന്ന് ലഭിക്കുന്ന ആദ്യത്തെ ദാനമാണ് പരിശുദ്ധാത്മാവ് (റോമർ 8:23). ഇത് ഒരു ദാനം എന്നു പറയുന്നതിനാൽ ദൈവം തന്റെ ആത്മാവിനെ വിശ്വാസിയുടെ ഉള്ളിൽ ഇരിക്കേണ്ടതിനു എന്നേക്കുമായി തന്നിരിക്കയാണ്. അതിനെ തിരികെ എടുക്കുകയില്ല. പഴയ നിയമകാലത്ത് ദൈവം തന്റെ ഭക്തന്മാർക്ക് പരിശുദ്ധാത്മാവിനെ ദാനമായിട്ടല്ല നല്കിയിരുന്നത്. ചില ഉദ്ദേശങ്ങൾക്കായി നല്കുകയും ആ ഉദ്ദേശം ഫലപ്രാപ്തിയായ ശേഷം ചിലപ്പോൾ ആത്മാവ് വിട്ടുപോകയും ചെയ്തിരുന്നു. ശൗൽ രാജാവ്, ശിംശോൻ മുതലായവരുടെ കാര്യത്തിൽ ഇത് മനസ്സിലാക്കുവാൻ സാധിക്കും (1 ശമൂ.16:14; ന്യായാ. 14:6,19; 15:14). ദാവീദിൽ നിന്നും പരിശുദ്ധാത്മാവിനെ എടുത്തുകളയരുതെന്ന് താൻ പ്രാർത്ഥിക്കുന്നതായി കാണുന്നു (സങ്കീ. 51:11). ഇങ്ങനെ പഴയനിഴമകാലത്ത് താല്ക്കാലികമായി പരിശുദ്ധാത്മാവ് വ്യക്തികളിൽ വരികയും പോകുകയും ചെയ്യുന്നതു കാണാം. പുതിയനിയമകാലം ആരംഭിക്കുന്നത് പെന്തക്കൊസ്തു ദിവസമാണല്ലോ. അതിന് മുമ്പ് കർത്താവിന്റെ പരസ്യശുശ്രൂഷാകാലത്തും താല്ക്കാലികമായി ആത്മാവ് ലഭിച്ചതായി കാണുന്നു. (ലൂക്കൊസ് 11:13; യോഹ. 20;22).

**പാപത്തിന്റെ ഫലമായി ബാലശിക്ഷ വിശ്വാസി അനുഭവിക്കേണ്ടി വരും. പാപം ചെയ്തവരിലും പരിശുദ്ധാത്മാവ് ഉള്ളിൽ വാസം ചെയ്തതു മൂലമാണ് പരിശുദ്ധാത്മാവിനെ ദു:ഖിപ്പിക്കരുത് എന്നു പറഞ്ഞിക്കുന്നത്**

തന്നിൽ വിശ്വസിക്കുന്നവർക്ക് ദൈവം തന്റെ പരിശുദ്ധാത്മാവിനെ നല്കുന്നു എന്ന് കർത്താവ് പറഞ്ഞു. "എന്നിൽ വിശ്വസിക്കുന്നവന്റെ ഉള്ളിൽ നിന്നും തിരുവെഴുത്തു പറയുന്നതു പോലെ ജീവജലത്തിന്റെ നദികൾ ഒഴുകും. അവൻ ഇത് തന്നിൽ വിശ്വസിക്കുന്നവർക്ക് ലഭിപ്പാനുള്ള ആത്മാവിനെ കുറിച്ചാകുന്നു പറഞ്ഞത്; യേശു അന്നു തേജസ്കരിക്കപ്പെട്ടിട്ടില്ലായ്കയാൽ ആത്മാവ് വന്നിട്ടില്ലായിരുന്നു" (യോഹ. 7:38,39). പരിശുദ്ധാത്മാവ് ആളത്വപരമായി ഭൂമിയിലേക്ക് വന്നത് പെന്തക്കൊസ്തുനാളിലായിരുന്നു. കർത്താവ് തന്റെ ശിഷ്യന്മാരോട് പറഞ്ഞിരുന്നതുപോലെ താൻ പിതാവിനോട് ചോദിച്ചിട്ട് സത്യത്തിന്റെ ആത്മാവ് (പരിശുദ്ധാത്മാവ്) എന്ന മറ്റൊരു കാര്യസ്ഥനെ വിശ്വാസികളോട് കൂടെ എന്നേക്കും ഇരിക്കേണ്ടതിനു അയച്ചു തരും. അതേ പരിശുദ്ധാത്മാവ് വിശ്വാസികളോട് കൂടെ വസിക്കയും അവരിൽ ഇരിക്കയും ചെയ്യുന്നു (യോഹ. 14:16,17). പെന്തക്കൊസ്തു ദിവസത്തിൽ വിശ്വസിച്ചവരിൽ പരിശുദ്ധാത്മാവ് വന്നത് ഇപ്രകാരമായിരുന്നു. വിശ്വസിക്കുന്നവർക്ക് പരിശുദ്ധാത്മാവ് ലഭിക്കും എന്നുള്ള വാഗ്ദത്തം ദൂരസ്ഥർക്കും സമീപസ്ഥർക്കും വരുന്ന തലമുറകൾക്കും ഈ കൃപായുഗത്തിൽ എല്ലാവർക്കും ഉള്ളതാണ്. "വാഗ്ദത്തം നിങ്ങൾക്കും നിങ്ങളുടെ മക്കൾക്കും നമ്മുടെ ദൈവമായ കർത്താവു വിളിച്ചുവരുത്തുന്ന ദൂരസ്ഥന്മാരായ ഏവർക്കും ഉള്ളതല്ലോ" (അപ്പൊ. 2:39).

ഈ വാഗ്ദത്തം യഹൂദന്മാരായവർക്കു മാത്രമായിരിക്കും എന്നാണ് അപ്പൊസ്തലന്മാർ പോലും ആദ്യം ഗ്രഹിച്ചത്. എന്നാൽ യഹൂദന് മാത്രമല്ല; ക്രിസ്തുവിൽ വിശ്വസിക്കുന്ന ജാതികൾക്കും വിശ്വസിക്കുന്ന അതേ സമയം തന്നെ പരിശുദ്ധാത്മാവെന്ന ദാനം ലഭിക്കും എന്ന് അടയാളസഹിതം, സംശയിച്ചിരുന്ന അപ്പൊസ്തലന്മാർക്ക് വെളിപ്പെടുത്തിക്കൊടുത്തു. പത്രൊസ് സുവിശേഷം പ്രസംഗിച്ചു തുടങ്ങിയപ്പോൾ തന്നെ കേൾവിക്കാരായ ജാതികൾ ക്രിസ്തുവിൽ വിശ്വസിച്ചതിന്റെ ഫലമായി പരിശുദ്ധാത്മാവെന്ന ദാനം ദൈവം ജാതികൾക്കും നല്കി (അപ്പൊ. 11:12-18). ദൈവം തന്റെ സ്നേഹം മൂലം പരിശുദ്ധാത്മാവിനെ നല്കുന്നത് വിശ്വസിക്കുന്നവരുടെ ഹൃദയങ്ങളിലാണ് (റോമർ 5:5). പരിശുദ്ധാത്മാവു ദൈവത്തിൽ നിന്നുമുള്ള ആത്മാവാകയാൽ പരിശുദ്ധാത്മാവ് വസിക്കുന്നവരുടെ ഹൃദയങ്ങളിൽ പിതാവും പുത്രനും വസിക്കുന്നു (1 കൊരി. 2:12; യോഹ.

14:23). വിശ്വാസിയുടെ മർത്യ ശരീരം മാറി തേജസ്സ്കരണം പ്രാപിക്കുന്നതുവരെ വീണ്ടെടുപ്പിന്റെ മുദ്രയായും അച്ചാരമായും ദൈവം തന്റെ പരിശുദ്ധാത്മാവിനെ വിശ്വാസിയുടെ ഉള്ളിൽ തന്നിരിക്കുന്നു (2 കൊരി. 5:4,5; എഫെ. 1:14; 4:30).

പരിശുദ്ധാത്മാവിനെ നമുക്ക് പ്രതിഫലമായിട്ടല്ല; മറിച്ച് ദാനമായിട്ടാണ് നല്കിയിരിക്കുന്നത്. അതുകൊണ്ട് നാം ചെയ്യുന്ന ഏതെങ്കിലും ഒരു പ്രവൃത്തിയുടെ ഫലമായി അഥവാ കൂലിയായിട്ടല്ല പരിശുദ്ധാത്മാവ് ലഭിക്കുന്നത്. കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിക്കുന്ന ഏതൊരു വ്യക്തിയ്ക്കും വിശ്വസിക്കുന്ന അതേ നിമിഷം ദൈവം തന്റെ പരിശുദ്ധാത്മാവിനെ ദാനമായി നല്കുന്നു. രക്ഷയോടുള്ള ബന്ധത്തിൽ ദൈവത്തിൽ നിന്നുള്ള ആദ്യത്തെ ദാനമാണ് പരിശുദ്ധാത്മാവ്. ഒടുവിലത്തെ ദാനമാണ് ശരീരത്തിന്റെ തേജസ്സ്കരണം.

ഒരു വ്യക്തിയിൽ പരിശുദ്ധാത്മാവ് ഇല്ലെങ്കിൽ അവൻ രക്ഷിക്കപ്പെട്ടവനല്ല. രക്ഷിക്കപ്പെട്ട സകല മനുഷ്യരിലും ക്രിസ്തുവിന്റെ ആത്മാവായ പരിശുദ്ധാത്മാവുണ്ട് (റോമർ 8:9). രക്ഷിക്കപ്പെടാത്തവരുടെ പേര് ആത്മാവില്ലാത്തവൻ എന്നത്രെ (യൂദാ 19). അതിനാൽ ആത്മാവില്ലാത്തവൻ അഥവാ പ്രാകൃത മനുഷ്യൻ ദൈവാത്മാവിന്റെ ഉപദേശം കൈക്കൊള്ളുന്നില്ല. അത് അവനു ഭോഷത്വമായി തോന്നുന്നു. (1 കൊരി. 2:14). ആകയാൽ രക്ഷിക്കപ്പെട്ട എല്ലാവരിലും പരിശുദ്ധാത്മാവുണ്ട്. പരിശുദ്ധാത്മാവിനെ കൂടാത്ത ക്രിസ്ത്രീയ ജീവിതമില്ല.

**പാപം ചെയ്യുന്ന ഒരു വിശ്വാസിയിൽ പരിശുദ്ധാത്മാവ് വസിക്കുന്നുവോ?**

കൊരിന്ത്യർക്കെഴുതിയ ലേഖനങ്ങൾ വായിച്ചാൽ കൊരിന്തു സഭയിൽ അനേകവിശ്വാസികളും പാപം ചെയ്യുന്നവരായിരുന്നു എന്നു വെളിപ്പെടുന്നു. അവരുടെ ഇടയിൽ ദുർന്നടപ്പുകാർ (1 കൊരി. 5:5) തമ്മിൽ വ്യവഹരിക്കുന്നവർ (6:1,7,8) വിഗ്രഹാർപ്പിതം തിന്നുന്നവർ (8:7,12) ജഡീകന്മാർ (3:1) ഈർഷ്യയും പിണക്കവും ഉള്ളവർ (3:3) ഗ്രൂപ്പുണ്ടാക്കുന്നവർ (3:4) മനുഷ്യരിൽ പ്രശംസിക്കുന്നവർ (3:21) സഭകൂടി വരുമ്പോൾ ഭിന്നതയുളളവർ (11:8) കർത്താവിന്റെ അത്താഴത്തേയും സഭയേയും തുച്ഛീകരിക്കുന്നവർ (11:20,22) തുടങ്ങി പലതരക്കാർ. സർപ്പം ഉപായത്താൽ ഹവ്വായെ ചതിച്ചതുപോലെ കൊരിന്തു വിശ്വാസികളുടെ ഹൃദയം ക്രിസ്തുവിനോടുള്ള ഏകാഗ്രതയും നിർമ്മലതയും വിട്ട് വഷളായിപ്പോകുമോ എന്ന് പൗലൊസ് അപ്പൊസ്തലൻ ഭയപ്പെട്ടിരുന്നു. (2 കൊരി 11:3). പൗലൊസിനെ നിന്ദിപ്പാൻ കാരണം അന്വേഷിച്ചവർ അവരുടെ കൂട്ടത്തിൽ ഉണ്ടായിരുന്നു (2 കൊരി. 11:12). അവരുടെ ഇടയിൽ ഈർഷ്യ, ക്രോധം, ശാഠ്യം, ഏഷണി, കുശുകുശുപ്പ്, നിഗളം, കലഹം എന്നിവ ഉണ്ടായിരുന്നു. പാപം ചെയ്തിട്ട് തങ്ങൾ പ്രവൃത്തിച്ച അശുദ്ധി, ദുർന്നടപ്പ്, ദുഷ്കാമം, എന്നിവയെക്കുറിച്ച് മാനസാന്തരപ്പെടാത്ത പലരെയും ചൊല്ലി ഖേദിപ്പാൻ ഇടവരുമോ എന്ന് പൗലൊസ് ഭയപ്പെട്ടിരുന്നു (2 കൊരി. 12:20-21). അവരിൽ ചിലർ മരിച്ചവരുടെ പുനരുത്ഥാനം ഇല്ല എന്നു പറയുന്നവരായിരുന്നു (1 കൊരി. 15:12). ഇവരെ എല്ലാം ഉൾപ്പെടുത്തിക്കൊണ്ടാണ് പൗലൊസ് ചോദിക്കുന്നത്, ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം എന്നും നിങ്ങളെ വിലയ്ക്കു വാങ്ങിയിരിക്കയാൽ നിങ്ങൾ താന്താങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നില്ലയോ? (1 കൊരി. 6:19). ഈ വിശ്വാസികളിൽ എല്ലാം ദൈവത്തിന്റെ പരിശുദ്ധാത്മാവുണ്ട്, എന്നാൽ പാപം ചെയ്തവർക്കു ദൈവം ബാലശിക്ഷ നല്കും. ബാലശിക്ഷയിൽ ജഡമരണവും ഉൾപ്പെടും.

പാപങ്ങളെക്കുറിച്ച് ദു:ഖിച്ച് മാനസാന്തരപ്പെടാഞ്ഞാൽ ദൈവം വിശ്വാസികൾക്ക് ബാലശിക്ഷകൾ നല്കുന്നു. ബാലശിക്ഷയിൽ രോഗവും മരണവും ഉൾപ്പെടുന്നു. കൊരിന്തുസഭയിലെ വിശ്വാസികളിൽ പലരും ബലഹീനരും രോഗികളുമായി തീർന്നു. അനേകരും നിദ്രകൊണ്ടു (1 കൊരി 11:30) ഇത് കർത്താവു നൽകിയ ബാലശിക്ഷയായിരുന്നു (1 കൊരി 11:32). ഇങ്ങനെ പാപത്തിന്റെ ഫലമായി ബാലശിക്ഷ വിശ്വാസി അനുഭവിക്കേണ്ടി വരും. പാപം ചെയ്തവരിലും പരിശുദ്ധാത്മാവ് ഉള്ളിൽ വാസം ചെയ്തതു മൂലമാണ് പരിശുദ്ധാത്മാവിനെ ദു:ഖിപ്പിക്കരുത് എന്നു പറഞ്ഞിക്കുന്നത് (എഫെ. 4:30). കൊരിന്തിലെ വിശ്വാസികളിൽ കുറെ നല്ല വിശ്വാസികൾ, കുറെ ആത്മീകന്മാർ, കുറെ ജഡീകന്മാർ, കുറെ പാപം ചെയ്തവർ, ഇവർ എല്ലാവരോടുമായിട്ടാണ് പറഞ്ഞത്. നിങ്ങളുടെ ശരീരം പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു എന്ന്. അല്ലാതെ നിങ്ങളിൽ വിശുദ്ധരായിരിക്കുന്നവരിൽ ദൈവത്തിന്റെ പരിശുദ്ധാത്മാവ് വസിക്കുന്നു എന്നല്ല. യേശുവിനെ ക്രിസ്തു എന്നു വിശ്വസിക്കുന്ന എല്ലാവരിലും പരിശുദ്ധാത്മാവ് ഉണ്ട്. രക്ഷിക്കപ്പെടാത്ത ഒരു വ്യക്തി എത്ര നല്ലവനായി ജീവിച്ചാലും അവനിൽ ക്രിസ്തുവിന്റെ ആത്മാവില്ല. അവൻ

**ശേഷം 11-ാം പേജിൽ**

# നമുക്കുള്ള നിത്യഅനുഭവങ്ങൾ

കുഞ്ഞമ്മ ചാക്കോ, പള്ളിക്കൽ

*"നമുക്കു ഒരു ശിശു ജനിച്ചിരിക്കുന്നു. നമുക്കു ഒരു മകൻ നല്കപ്പെട്ടിരിക്കുന്നു, ആധിപത്യം അവന്റെ തോളിൽ ഇരിക്കും. അവനു അത്ഭുതമന്ത്രി, വീരനാം ദൈവം, നിത്യപിതാവ്, സമാധാനപ്രഭു എന്നു പേർ വിളിക്കപ്പെടും"* (യെശ. 9:6). ഈ വാക്യത്തിൽ കാണുന്ന നിത്യതകളുടെ പിതാവായ പുത്രനാം ദൈവമായ യേശുക്രിസ്തുവിൽനിന്നും പിതാവായ ദൈവത്തിൽനിന്നും നമുക്കു ലഭിച്ച നിത്യ അനുഭങ്ങൾ എന്തെല്ലാമാണു സഹോദരിമാരേ?

**1. നിത്യരക്ഷ (യെശ. 45:17)**

ദൈവം തന്റെ സ്വരൂപത്തിലും സാദൃശത്തിലും സൃഷ്ടിച്ച മനുഷ്യൻ ദൈവകല്പന ലംഘിച്ചു ദൈവതേജസ്സ് നഷ്ടപ്പെട്ടവനായി ദൈവത്തിൽ നിന്നും അകന്നുപോയി. അതുകൊണ്ട് ഏകമനുഷ്യനാൽ പാപവും പാപത്താൽ മരണവും ലോകത്തിൽ കടന്നു.ഇങ്ങനെ എല്ലാവരും പാപം ചെയ്കയാൽ മരണം സകല മനുഷ്യരിലും പരന്നിരിക്കുന്നു (റോമർ 5:12). ഈ അവസ്ഥയിൽ നിന്നും മനുഷ്യരെ രക്ഷിക്കുവാൻ പിതാവായ ദൈവം തന്റെ പുത്രനെ ഈ ലോകത്തിലേക്ക് അയച്ചു. മക്കൾ ജഡരക്തങ്ങളോടു കൂടിയവർ ആകകൊണ്ടു അവനും അവരെപ്പോലെ ജഡരക്തങ്ങളോടു കൂടിയവനായി മരണത്തിന്റെ അധികാരിയായ പിശാചിനെ തന്റെ മരണത്താൽ നീക്കി ജീവപര്യന്തം മരണഭീതിയാൽ അടിമകളായിരുന്നവരെ ഒക്കെയും വിടുവിച്ചു (എബ്രാ. 2:14). താൻ മുഖാന്തിരമായി ദൈവത്തോടെ അടുക്കുന്നവർക്കു വേണ്ടി പക്ഷവാദം ചെയ്വാൻ സദാ ജീവിക്കുന്നവനാകയാൽ അവരെ പൂർണ്ണമായി രക്ഷിപ്പാൻ അവൻ പ്രാപ്തൻ ആകുന്നു (എബ്രാ. 7:25). പ്രിയ സഹോദരിമാരേ, നിത്യരക്ഷ ഒരുക്കി മരണത്തിൽ നിന്നും വീണ്ടെടുത്തു രക്ഷിച്ച കർത്താവിനായി നമ്മെ പൂർണ്ണമായി സമർപ്പിക്കാം.

**നമുക്ക് ഉള്ളതെല്ലാം കർത്താവു തന്ന ദാനമാണെന്ന് ഓർത്ത് കർത്ത്യവേലയ്ക്കു നാം കൊടുക്കണം. പ്രിയ സഹോദരിമാരേ, ഈ ലോകത്തിന്റെ ആഡംഭരം ഒഴിവാക്കി സൽപ്രവൃത്തികൾ കൊണ്ടു നമുക്കു നമ്മെ അലങ്കരിക്കാം.**

**2. നിത്യപ്രകാശം (യെശ. 60:19)**

കർത്താവു ലോകത്തിൽ ആയിരുന്നപ്പോൾ പറഞ്ഞു, ഞാൻ ലോകത്തിന്റെ വെളിച്ചം ആകുന്നു. എന്നെ അനുഗമിക്കുന്നവൻ ഇരുട്ടിൽ നടക്കാതെ ജീവന്റെ വെളിച്ചം ഉള്ളവരാകും (യോഹ. 8:12). സഹോദരിമാരേ, നാം ഇന്ന് ലോകത്തിന്റെ വെളിച്ചം ആകുന്നു (മത്തായി 5:14,15). ലോകത്തിന്റെ വെളിച്ചം ആയ നാം എന്താണു ചെയ്യേണ്ടത്? വെളിച്ചത്തിന്റെ ആയുധധാരികളായി നാം അനുഭവിക്കുന്ന ആത്മീയസന്തോഷം മറ്റുള്ളവരിലേക്കു പകരണം. മരണതുല്യരായ മനുഷ്യരിലേക്കു നിത്യരക്ഷയുടെ സന്ദേശം അറിയിക്കണം. അങ്ങനെ നമ്മെ ഏല്പിച്ച താലന്തുകൾ വ്യാപാരം ചെയ്തു ലാഭമുണ്ടാക്കാം. കണ്ണുനീരോടെ വിതക്കുന്നവർ ആർപ്പോടെ കൊയ്യും (സങ്കീ.126:5-6).

ആകയാൽ പ്രിയ സഹോദരിമാരേ, പൂർണ്ണസമർപ്പണത്തോടെ അന്ധകാരത്തിൽനിന്നും അത്ഭുതപ്രകാശത്തിലേക്കു നമ്മെ വിളിച്ചവന്റെ സൽഗുണങ്ങളെ നമുക്കു ഘോഷിക്കാം. നാം രാജകീയ പുരോഹിത വർഗ്ഗമാണ്.

**3. നിത്യാവകാശം (എബ്രാ. 9:15)**

നിത്യാവകാശം പിതാവു തന്റെ മക്കൾക്കു ഒരുക്കിയിരിക്കുന്നു. നാം മക്കൾ എങ്കിലോ അവകാശികളും ആകുന്നു. ദൈവത്തിന്റെ അവകാശികളും ക്രിസ്തുവിനു കൂട്ടവകാശികളും തന്നെ. നാം അവനോടു കൂടെ തേജസ്കരിക്കപ്പെടേണ്ടതിനു അവനോടു കൂടെ കഷ്ടമനുഭവിച്ചാലത്രേ (റോമർ 8:17). ക്രിസ്ത്രീയ ജിവിതം പോരാട്ടം നിറഞ്ഞതാണ്. പല ശോധന ഏറിയ വേളകൾ നാം തരണം ചെയ്യേണ്ടിവരും. അതിൽ പൂർണ്ണവിജയം നാം പ്രാപിക്കണം. അങ്ങനെ ക്രിസ്തുവിന്റെ കഷ്ടതയിൽ നാം പങ്കുള്ളവരാകണം. ക്രിസ്തുവിൽ വിശ്വസിപ്പാൻ മാത്രമല്ല അവനുവേണ്ടി കഷ്ടം അനുഭവിപ്പാനും കൂടെ നമുക്കു വരം നല്കിയിരിക്കുന്നു. എത്രയോ ദൈവദാസന്മാർ കർത്താവിന്റെ വയലിൽ വേല ചെയ്യുന്നു. അവരുടെ ഉപജീവനമാർഗ്ഗം കെ.ഇ.എം. ഫണ്ടിൽ നിന്നും മറ്റും ലഭിക്കുന്ന ചെറിയ സഹായമാണ്. ഇതും ലഭിക്കാത്ത അനേക സുവിശേഷകന്മാർ ഉണ്ട്. നമുക്ക് ഉള്ളതെല്ലാം കർത്താവു തന്ന ദാനമാണെന്ന് ഓർത്ത് കർത്തൃവേലയ്ക്കു നാം കൊടുക്കണം. പ്രിയ സഹോദരിമാരേ, ഈ ലോകത്തിന്റെ ആഡംഭരം ഒഴിവാക്കി സൽപ്രവൃത്തികൾ കൊണ്ടു നമുക്കു നമ്മെ അലങ്കരിക്കാം. സഹോദരിമാരേ, നാം എത്ര ഭാഗ്യശാലികളാണ്! നിത്യപിതാവിനോടു കൂടെ നിത്യാവകാശികളായി വാഴുവാൻ കാലം ഏറ്റം അടുത്തിരിക്കുന്നു.

**4. നിത്യാനന്ദം (യെശ. 35:10)**

"*അങ്ങനെ യഹോവയാൽ വീണ്ടെടുക്കപ്പെട്ടവർ മടങ്ങി ഉല്ലാസഘോഷത്തോടെ സീയോനിലേക്കു മടങ്ങിവരും. നിത്യാനന്ദം അവരുടെ തലമേൽ ഉണ്ടായിരിക്കും. അവർ ആനന്ദവും സന്തോഷവും പ്രാപിക്കും. ദു:ഖവും നെടുവീർപ്പും ഓടിപ്പോകും*" (യെശ. 35:10). പ്രിയന്റെ വരവു ഏറ്റവും അടുത്തിരിക്കുന്നു. സീയോൻ സഞ്ചാരികളായ വിശുദ്ധജനം ഉല്ലാസഘോഷത്തോടെ സീയോനിലെത്തുവാൻ കാലം ഏറ്റം അടുത്തിരിക്കുന്നു. ആകയാൽ പ്രിയന്റെ വരവിനായി നമുക്ക് ഒരുങ്ങാം. സഹോദരിമാരേ, കാലഗതികൾ മാറിക്കൊണ്ടിരിക്കുന്ന ഈ ലോകത്തിൽ പല സഹോദരിമാരുടെ ഗതിയും മാറിക്കൊണ്ടിരിക്കുന്നു. പലരും ലോകത്തോടെ അനുരൂപപ്പെട്ടു സൗന്ദര്യ വർദ്ധനവിനു വേണ്ടി ഏതെല്ലാം വികൃതികളാണു കാട്ടിക്കൂട്ടുന്നത്. നാം ജീവനുള്ള ദൈവത്തിന്റെ ആലയമല്ലോ (2 കൊരി 6:16). ദൈവത്തിനു വസിപ്പാനുള്ള ആലയത്തെ ഇന്ന് പലരും പല വിധത്തിൽ അശുദ്ധമാക്കുന്നു. ദൈവം വിശുദ്ധനായിരിക്കുന്നതു പോലെ നാം വിശുദ്ധരായിരിക്കണം. ആകയാൽ സഹോദരിമാരേ, ജഡത്തിന്റെ പ്രവൃത്തികൾ സംഹരിച്ചുകൊണ്ടു നമ്മുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിനു പ്രസാദമുള്ള യാഗമായി സമർപ്പിച്ചുകൊണ്ട് (റോമർ 12:1,2) നമുക്ക് നിത്യാനന്ദം നൽകുന്നതിന് നമ്മെ ചേർക്കുവാൻ വരുന്ന കർത്താവിനായി കാത്തിരിക്കാം. അതിനായി വായനക്കാരായ എല്ലാ സഹോദരിമാരേയും ഈ പുതുവർഷത്തിൽ കർത്താവു സഹായിക്കുമാറാകട്ടെ. ●

## പുതുവത്സരാംശസകൾ

ആത്മപ്രകാശിനി മാസിക 35-ാം വയസ്സിലേക്ക് പ്രവേശിച്ചിരിക്കുകയാണ്. കഴിഞ്ഞ വർഷങ്ങളിൽ മാസികയുടെ അനുഗ്രഹകരമായ നടത്തിപ്പിനു വേണ്ടി വരിസംഖ്യ അയച്ചു തന്നും സംഭാവനകൾ നല്കിയും പ്രാർത്ഥനയിൽ സഹകരിച്ചും പ്രോത്സാഹനങ്ങൾ തന്ന എല്ലാ മാന്യമിത്രങ്ങൾക്കും ഞങ്ങളുടെ ആത്മാർത്ഥമായ നന്ദി അറിയിക്കുന്നു. തുടർന്നും പ്രാർത്ഥനയും സഹകരണവും അഭ്യർത്ഥിക്കുന്നു.

2015-ാം വർഷം വിജയങ്ങളും പരാജയങ്ങളും നല്കിക്കൊണ്ട് ചരിത്രമായി മാറി. അരുമരക്ഷകനുവേണ്ടി നമുക്ക് എന്തു ചെയ്യുവാൻ സാധിച്ചുവെന്ന് ആത്മപരിശോധന ചെയ്യുന്നത് നന്നായിരിക്കും. ഈ പുതുവർഷത്തിൽ കർത്താവിനു വേണ്ടി പ്രവർത്തിച്ച് ദൈവകൃപ ധാരാളം അനുഭവിച്ചു കർത്താവിന്റെ വരവിനെ പ്രതീക്ഷിച്ച് വിശുദ്ധജീവിതം നയിപ്പാൻ എല്ലാ മാന്യവരിക്കാർക്കും സർവ്വകൃപാലുവായ ദൈവം സഹായിക്കുമാറാകട്ടെയെന്ന് ആശംസിക്കുന്നു. ●

# ദൈവം തരുന്ന മാതൃകകൾ പിൻപറ്റുന്നതിലെ അനുഗ്രഹം

**ഉമ്മൻ ജോർജ്ജ്, തിരുവനന്തപുരം**

"*മോശെ പണിയൊക്കെയും നോക്കി; യഹോവ കല്പിച്ചതു പോലെ തന്നെ അവർ ചെയ്തു തീർത്തിരുന്നു എന്നു കണ്ടു മോശെ അവരെ അനുഗ്രഹിച്ചു*" (പുറ. 39:43).

സീനായി പർവ്വതത്തിൽവെച്ച് യഹോവ മോശെയോടു കല്പിച്ച വിധത്തിൽ സമാഗമനകൂടാരത്തിലെ സകല പണികളും ചെയ്തുതീർത്തതായി ഈ അദ്ധ്യായത്തിന്റെ ഏറ്റവും ഒടുവിലത്തെ വാക്യത്തിൽ പറയുന്നു. "യഹോവ മോശെയോടു കല്പിച്ചതു പോലെ" എന്ന രീതിയിൽ കുറഞ്ഞത് ഏഴു പ്രാവശ്യം ഈ അദ്ധ്യായത്തിൽ പറയുന്നുണ്ട്. അങ്ങനെ തികഞ്ഞ സംതൃപ്തിയുടെ മനോഭാവത്തിൽ മോശെ ജനത്തെ അനുഗ്രഹിക്കുന്നതായ രംഗത്തോടു കൂടെയാണ് 39-ാം അദ്ധ്യായം അവസാനിക്കുന്നത്.

Clothes of service അഥവാ ശുശ്രൂഷയ്ക്കുള്ള വസ്ത്രം എന്ന ഒരു പദപ്രയോഗം 1-ാം വാക്യത്തിൽ കാണുന്നു. ഇവിടെ ചിന്തനീയമായ അല്പം ചില ആത്മീയ ആശയങ്ങൾ ഉണ്ട്. യേശുക്രിസ്തുവിന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ട സകല പുതിയനിയമ വിശ്വാസികളേയും പുരോഹിതന്മാരായി തിരുവചനം ചിത്രീകരിച്ചിട്ടുണ്ട് (1 പത്രൊസ് 2:5,9; വെളി.1:6; 5:10) എന്നീ വേദഭാഗങ്ങൾ നോക്കുക. അങ്ങനെ എങ്കിൽ സകല പുതിയനിയമ വിശ്വാസികളും ഒരു വിധത്തിൽ അല്ലെങ്കിൽ മറ്റൊരു വിധത്തിൽ ദൈവിക ശുശ്രൂഷകൾ ചെയ്യുവാൻ യോഗ്യരും കടപ്പെട്ടവരുമാണ്.

യേശുക്രിസ്തു നമ്മുടെ മഹാപുരോഹിതനാണ്. വീണുപോയ മനുഷ്യവർഗ്ഗത്തെ വീണ്ടെടുപ്പാനായി കർത്താവു ഈ ഭൂമിയിൽ വന്നപ്പോൾ ശുശ്രൂഷയുടെ വസ്ത്രം (Clothes of service) താൻ ധരിച്ചു. നാലു സുവിശേഷങ്ങളിലും ആ ചരിത്രമാണു നാം കാണുന്നത്. വീണ്ടെടുപ്പു വേലക്കു ശേഷം മഹാപുരോഹിതനായി സ്വർഗ്ഗത്തിലേക്കു കരേറിപ്പോയ യേശുക്രിസ്തു നമുക്കും ചില പുരോഹിത ശുശ്രൂഷകൾ തന്നിട്ടുണ്ട്. ഉപമയിലെ ദുഷ്ടദാസനെപ്പോലെ കർത്താവു നമ്മെ ഏൽപ്പിച്ചിട്ടുള്ള താലന്തുകൾ അഥവാ ശുശ്രൂഷകൾ അവഗണിക്കുവാൻ നമുക്ക് ഇടയാകരുത്. യജമാനൻ വരുവോളം വ്യാപാരം ചെയ്ത് നമുക്ക് മുൻപോട്ട് പോകാം. അതിനായി കർത്താവു നമ്മെ സഹായിക്കുമാറാകട്ടെ.

33-ാം വാക്യത്തിൽ വളരെ ചിന്തനീയമായ ഒരു പ്രയോഗം ഉണ്ട്. "അവർ തിരുനിവാസം മോശെയുടെ അടുക്കൽ കൊണ്ടുവന്നു." അവർ എന്നു പറയുമ്പോൾ ബെസലേലും ഒഹോലിയാബും അതുപോലെ പണികളുമായി ബന്ധപ്പെട്ടവരെന്നും അർത്ഥം. ''കൊണ്ടുവന്നു'' എന്നു പറയുന്നതിനാൽ യാത്രയ്ക്ക് അനുയോജ്യമായ വിധത്തിൽ ആവശ്യാനുസരണം ഇളക്കിമാറ്റാവുന്ന ഒന്നായിരുന്നു തിരുനിവാസം എന്നു മനസ്സിലാക്കുവാൻ സാധിക്കും. ഏതാണ്ട് സർക്കസ് കൂടാരത്തിന്റെ രീതിയിൽ.

ഏതുദ്ദേശ്യത്തിലാണ് സമാഗമനകൂടാരം മോശെയുടെ മുൻപാകെ കൊണ്ടുവന്നതെന്ന് 43-ാം വാക്യത്തിന്റെ ആദ്യഭാഗത്തുനിന്നും സൂചന ലഭിക്കുന്നുണ്ട്. "മോശെ പണിയെല്ലാം നോക്കി." തീർച്ചയായും സകല പണികളും ഭംഗിയായി ചെയ്തു തീർക്കുവാൻ ബെസലേലും കൂട്ടരും കഴിവുള്ളവരാണ് എന്നതിൽ തർക്കമില്ല. എന്നിട്ടും മോശെയെ പണികൾ കാണിച്ച് അദ്ദേഹത്തെ തൃപ്തിപ്പെടുത്തുവാൻ അവർ ആഗ്രഹിച്ചു.

ഇവിടെയും ഒരു ആത്മികപാഠം ഉണ്ട്. പ്രാദേശിക സ്ഥലം സഭകളിൽ യുവാക്കന്മാരെ

**പ്രാദേശിക സ്ഥലം സഭകളിൽ യുവാക്കന്മാരെ ആത്മീയ കാര്യങ്ങളിൽ പ്രോത്സാഹിപ്പിക്കേണ്ടത് മൂപ്പന്മാരുടെയും പ്രായമുള്ള മറ്റു സഹോദരന്മാരുടെയും കടമയാണ്. കാരണം, ഇന്നത്തെ ചെറുപ്പക്കാരാണ് നാളത്തെ വാഗ്ദാനങ്ങൾ. സഭാ ശുശ്രൂഷകളോടുള്ള ബന്ധത്തിലും ഇതു വാസ്തവമാണ്.**

ആത്മീയ കാര്യങ്ങളിൽ പ്രോത്സാഹിപ്പിക്കേണ്ടത് മൂപ്പന്മാരുടെയും പ്രായമുള്ള മറ്റു സഹോദരന്മാരുടെയും കടമയാണ്. കാരണം ഇന്നത്തെ ചെറുപ്പക്കാരാണ് നാളത്തെ വാഗ്ദാനങ്ങൾ. സഭാ ശുശ്രൂഷകളോടുള്ള ബന്ധത്തിലും ഇതു വാസ്തവമാണ്. ഇപ്രകാരം സഭകളിൽ തങ്ങൾക്കു ലഭിക്കുന്ന സ്വാതന്ത്ര്യത്തിന്റെ വെളിച്ചത്തിൽ യൗവ്വനക്കാർ ശുശ്രൂഷകൾ ചെയ്യുമ്പോൾ പ്രായവും പക്വതയും ഉള്ള സഹോദരന്മാരുമായി കൂടി ആലോചിക്കുകയും അവരെ വിശ്വാസത്തിലെടുക്കുകയും ചെയ്താൽ അതു സഭകളിൽ ആരോഗ്യകരമായ ആത്മീയ വർദ്ധന ഉണ്ടാകുവാൻ കാരണമായിത്തീരും.

മുകളിൽ സൂചിപ്പിച്ചതു പോലെ സമാഗമനകൂടാരത്തിന്റെയും അതിലെ ഉപകരണങ്ങളുടെയും പണിയോടുള്ള ബന്ധത്തിൽ യഹോവ മോശെയോടു കല്പിച്ചതു പോലെ എന്ന പ്രയോഗം ആവർത്തിച്ചാവർത്തിച്ച് ദൈവാത്മാവ് രേഖപ്പെടുത്തുന്നുണ്ട്. 40-ാം അദ്ധ്യായത്തിലും ഇതേ രീതിയിൽ ഏഴുപ്രാവശ്യം പറയുന്നുണ്ട്. 39, 40 അദ്ധ്യായങ്ങളിൽ ഈ പ്രയോഗം ആവർത്തിച്ചു വരുന്നതിൽ നിന്നും ദൈവാത്മാവിന് ആത്മികമായി ചില ഉദ്ദേശ്യങ്ങൾ ഉണ്ടെന്ന് നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു.

നാം ഏതു തരത്തിലുള്ള ദൈവിക ശുശ്രൂഷകൾ ചെയ്യുമ്പോഴും അവ തന്റെ വചനത്തിൽ കൂടെ ദൈവം തന്ന മാതൃക പ്രകാരം തന്നെ ആയിരിക്കണം. എങ്കിൽ മാത്രമേ ദൈവം അത് അംഗീകരിക്കുകയുള്ളു. ഇതിന് ഒരു മറുവശം കൂടെയുണ്ട്. സുവിശേഷഘോഷണത്തിലായാലും മറ്റേതു ശുശ്രൂഷകളിലായാലും ചിലപ്പോഴൊക്കെ നമ്മുടെ മാനുഷിക ബുദ്ധിയും കഴിവും അതിൽ ഉപയോഗിക്കുവാൻ പ്രേരണ ഉണ്ടായേക്കാം. ഇതു ഗുണത്തേക്കാൾ കൂടുതൽ ദോഷം ചെയ്യും. ദൈവിക ശുശ്രൂഷകളിൽ ലോകജ്ഞാനത്തിന്റെ കഥയില്ലായ്മയെ അപ്പൊസ്തലനായ പൗലൊസ് 1 കൊരി. 1, 2 അദ്ധ്യായങ്ങളിൽ ഭംഗിയായി സമർത്ഥിക്കുന്നുണ്ട്.

ജീവിതത്തിന്റെ അനേക പരുപരുത്ത വശങ്ങളിൽ കൂടെ കടന്നുപോയ ദാവീദ് എന്ന ഭക്തൻ പറയുന്നത് "ദൈവത്തിന്റെ വഴി തികവുള്ളത്" (As for God, His way is perfect) എന്നാണ്. സങ്കീ. 18:30 നോക്കുക. ദൈവിക വഴികളിന്മേൽ നാം എത്ര പരിഷ്കാരങ്ങൾ വരുത്തുവാൻ നോക്കിയാലും അവയെല്ലാം പരാജയത്തിൽ കലാശിക്കും.

**ശേഷം 19 -ാം പേജിൽ**

**Continued from Page 20**

**B. Elders and Exercise of Spiritual Gifts**

Elders are the ones to' rule well' ( 1 Tim. 5:17) bestowed with the spiritual gifts of governing (1 Cor. 12:28) and ruling (Romans 12:6-8) as they are the ones who 'rule over' (Heb. 13:24) 'the ruled' ( Heb. 13:17). And as considered earlier they are also bestowed with the spiritual gift of Teaching (1 Cor. 12:28; Rom. 12:6-8) in view of the required qualification of 'apt to teach ( 1 Tim. 3:2) and are required to rightly divide the word ( 2 Tim. 2:15). However, any believer by virtue of just exercising these spiritual gifts will not qualify to become an elder unless the prescribed qualifications are found in him. **(To be continued)**

**Continued from Page 21**

We request you to kindly pray for Sis. Jessy Paul and family so that the Lord will take care of them and supply all their needs especially a small house for them to live. Whatever fund will be raised, it will be given to the needs of the family. So when you send a gift, kindly mention very clearly for whom the gift is sent. We will send you an acknowledgement letter as well as money receipt. Kindly send your gift for this need to the account in the name of Odisha Assemblies Fellowship Trust, Federal Bank, Kalpana Square Branch, Bhubaneswar, SB A/c No. 15130100036563, IFSC Code FDRL0001513 and send it to the address mentioned above. On behalf of the Odisha Assemblies Fellowship Trust, C.P. Mathew, B.P. Naik, Dr. P.C. Thomas. ●

# ഏറ്റുവാങ്ങാത്ത സമ്മാനം

**ധർമ്മരാജ് ജി, മാവേലിക്കര**

2016-ന്റെ ഒന്നാം ദിവസം ഒരു സമ്മാനം കിട്ടിയാൽ എങ്ങനെയിരിക്കും? അത് കൂട്ടുകാർക്ക് സന്തോഷമാകും എന്നതിൽ യാതൊരു സംശയവുമില്ല. ഒരു വർഷം അവസാനിപ്പിച്ച് പുതിയ വർഷത്തെ എതിരേൽക്കുമ്പോൾ സമ്മാനങ്ങൾ കൈമാറുന്ന അനേക ആഘോഷങ്ങളുണ്ട്.

അവയിൽ വളരെ പ്രസിദ്ധിയാർജ്ജിച്ച ഒരു ആഘോഷമാണ് 'ഖാൻസ.' അമേരിക്കൻ - ആഫ്രിക്കൻ സംസ്കാരങ്ങൾ പരസ്പരം ബഹുമാനിക്കുന്നതിനും അവരുടെ ബന്ധം ദൃഢമാക്കുന്നതിനുമായി ഡിസംബർ 26 മുതൽ ജനുവരി 1 വരെ കൊണ്ടാടുന്ന ആഘോഷമാണ് ഖാൻസ. സൊഹീലി വാക്കായ ഖാൻസയുടെ അർത്ഥം 'വിളവെടുപ്പിന്റെ ഒന്നാമത്തെ ഫലം' എന്നാണ്. അമേരിക്കൻ ജനതയ്ക്കും ആഫ്രിക്കൻ ജനതയ്ക്കും തമ്മിലുണ്ടായിരുന്ന അകൽച്ച അകറ്റുവാനും കറുത്ത വർഗ്ഗം, വെളുത്ത വർഗ്ഗം എന്നിങ്ങനെയുള്ള വിവേചനം ഇല്ലാതെയാക്കുവാനുമുള്ള ഒരു ശ്രമമായിരുന്നു ഈ ആഘോഷം. കാലിഫോർണിയ സ്റ്റേറ്റ് സർവ്വകലാശാലയിലെ പ്രൊഫസറായിരുന്ന ഡോ. മൗലാനാ കരെൻഗയാണ് 1966-ൽ ഈ ആഘലാഷത്തിന് തുടക്കം കുറിച്ചത്.

ഈ ആഘോഷത്തിൽ കുട്ടികൾക്ക് പ്രത്യേക സ്ഥാനമുണ്ട്. ഓരോ വീട്ടുകാരും ഖാൻസാ പല രീതികളിലാണ് ആഘോഷിക്കുന്നതെങ്കിലും അതിൽ പൊതുവായി ചില കാര്യങ്ങൾ തീർച്ചയായും ഉൾപ്പെട്ടിരിക്കും. പാട്ട്, നൃത്തം, കഥകൾ, കവിതകൾ, വാദ്യസംഗീതം, ഒരുമിച്ചുള്ള വിരുന്ന് എന്നിവ ഈ ആഘോഷത്തിന്റെ ഭാഗങ്ങളാണ്. ഒരാഴ്ച നീണ്ടു നിൽക്കുന്ന ഈ ആഘോഷത്തിന്റെ ഓരോ രാത്രികളിലും ഒരു കുട്ടിയെക്കൊണ്ട് ഒരു മെഴുകുതിരി തെളിയിച്ച ശേഷം കുടുംബാംഗങ്ങൾ ഒന്നിച്ചുകൂടി തങ്ങളുടെ ബന്ധം ദൃഢമാക്കുകയും ഡോ. മൗലാനാ എഴുതിയ ചില തത്വങ്ങൾ ചർച്ചചെയ്യുകയുമാണ് പതിവ്. ഈ ആഘോഷത്തിൽ പങ്കെടുക്കുന്നതിലൂടെ മറ്റുള്ളവർക്ക് തങ്ങളുടെ കുടുംബത്തിലേക്കുള്ള പ്രവേശനവും ഇതുമൂലം ലഭ്യമാകുന്നു. എത്രയോ വിശേഷപ്പെട്ട ആഘോഷം! അല്ലേ?

ഖാൻസ എന്ന വാക്കിന്റെ അർത്ഥത്തോട് വളരെ സാമ്യമുള്ള ഒരു ആഘോഷത്തിന്റെ പേര് ബൈബിളിലുണ്ട്. ദൈവം മോശെ മുഖാന്തിരം യിസ്രായേൽ മക്കൾക്ക് ആഘോഷിക്കുവാനായി നൽകിയ ഏഴ് ഉത്സവങ്ങളിൽ ഒന്നായ ആദ്യഫലകറ്റയുടെ പെരുന്നാൾ. എന്നാൽ ഇത് യിസ്രായേൽ ആഘോഷിച്ചത് ദൈവം തങ്ങൾക്ക് നൽകിയ കൃഷിയുടെ അനുഗ്രഹത്തെ ഓർത്ത് ദൈവത്തിന് നന്ദി പറയുന്നതിനാണ്. ദൈവം തങ്ങൾക്കു നൽകിയ അനുഗ്രഹത്തിൽ നിന്നും ഏറ്റവും നല്ല ഭാഗം ദൈവത്തിനു നൽകി ദൈവത്തെ ബഹുമാനിക്കുന്ന ഒരു ആഘോഷമാണ് ഇത്. ഇത് ആഘോഷിക്കുന്ന എല്ലാ യിസ്രായേല്യനും നിശ്ചയമായും യഹോവ തങ്ങളെ നടത്തിയ കഴിഞ്ഞു പോയ നാളുകളെ തീർച്ചയായും സ്മരിക്കും. ദൈവം അവർക്ക് പ്രയത്നിക്കുവാനുള്ള ആരോഗ്യവും കഴിവുമൊക്കെ നൽകിയതുകൊണ്ടാണ് അവർക്ക് അദ്ധ്വാനിക്കുവാൻ കഴിഞ്ഞതെന്നും അതുകൊണ്ട് ആദ്യഫലം

**ദൈവം എല്ലാ മനുഷ്യർക്കുവേണ്ടി നൽകിയ ഏറ്റവും വലിയ സമ്മാനമാണ് പാപമോചനവും ആത്മരക്ഷയും. അത് സാധ്യമാക്കിയത് തന്റെ ഏകജാതനായ പുത്രനെ ഈ ലോകത്തിലേക്ക് അയച്ചതിലൂടെയാണ്. എന്നാൽ ഈ സമ്മാനം ഏറ്റുവാങ്ങാതെ അനേകരും ഇന്നു ജീവിക്കുന്നു. ഈ പുതുവർഷത്തിലും നിങ്ങൾക്ക് മറ്റുള്ളവർക്ക് നൽകുവാൻ കഴിയുന്ന ഏറ്റവും നല്ല സമ്മാനവും ദൈവം മനുഷ്യരാശിക്കുവേണ്ടി ഒരുക്കിയ ഈ സമ്മാനമാണ്.**

ദൈവത്തിനുള്ളതാണെന്നും അവർ വിശ്വസിച്ച് അംഗീകരിക്കുന്നു. അങ്ങനെയെങ്കിൽ ഇവിടെയും ഒരു കൊടുക്കൽ വാങ്ങൽ സംഭവിക്കുന്നുണ്ട്. ദൈവത്തിന്റെ അനുഗ്രഹങ്ങളെ വാങ്ങിയിട്ട് ദൈവത്തിന് തിരികെ നൽകുന്നു; ദൈവം അതിൽ പ്രസാദിച്ച് വീണ്ടും അനുഗ്രഹം നൽകുന്നു. ഖാൻസിൽ മാത്രമല്ല മറ്റ് ഏത് ആഘോഷങ്ങളിലും സമ്മാനങ്ങൾ വാങ്ങുന്നതിനും കൊടുക്കുന്നതിനും ആളുകൾ ഉത്സാഹിക്കാറുണ്ട്.

ഇപ്രകാരം ഒന്നു ചിന്തിക്കുക: ഒരു സമ്മാനം ഒരാൾ നൽകുമ്പോൾ അത് സ്വീകരിക്കുവാൻ നാം വിസമ്മതിക്കുമ്പോൾ അത് നൽകുന്നയാളിന് എത്രമാത്രം വിഷമമുണ്ടാകും! ദൈവം എല്ലാ മനുഷ്യർക്കുവേണ്ടി നൽകിയ ഏറ്റവും വലിയ സമ്മാനമാണ് പാപമോചനവും ആത്മരക്ഷയും. അത് സാധ്യമാക്കിയത് തന്റെ ഏകജാതനായ പുത്രനെ ഈ ലോകത്തിലേക്ക് അയച്ചതിലൂടെയാണ്. എന്നാൽ ഈ സമ്മാനം ഏറ്റുവാങ്ങാതെ അനേകരും ഇന്നു ജീവിക്കുന്നു. ഈ പുതു വർഷത്തിലും നിങ്ങൾക്ക് മറ്റുള്ളവർക്ക് നൽകുവാൻ കഴിയുന്ന ഏറ്റവും നല്ല സമ്മാനവും ദൈവം മനുഷ്യരാശിക്കുവേണ്ടി ഒരുക്കിയ ഈ സമ്മാനമാണ്.ഖാൻസയിലെ ആഘോഷത്തിലൂടെ ഒരാൾക്ക് കുടുംബത്തിലെ അംഗത്വം ലഭിക്കുന്നുവെങ്കിൽ ദൈവത്തിന്റെ രക്ഷയെന്ന സമ്മാനം ഏറ്റുവാങ്ങുന്നവർക്ക് ദൈവഭവനത്തിലെ നിത്യമായ അംഗത്വവും ദൈവം വസിക്കുന്ന ഇടമായ സ്വർഗ്ഗരാജ്യത്തിലേക്കുള്ള പ്രവേശനവും ലഭ്യമാകുന്നു; സൗജന്യമായി!

പ്രിയ കൂട്ടുകാരേ, ഇതുവരെയും ഈ സമ്മാനം നിങ്ങൾ ഏറ്റുവാങ്ങിയിട്ടില്ലെങ്കിൽ ഈ പുതിയ വർഷം നിങ്ങളുടെ അനുഗൃഹീത വർഷമായിത്തീരട്ടെ. ദൈവം ഈ സമ്മാനവുമായി കാത്തിരിക്കുന്നു. ഈ സമ്മാനം ഏറ്റുവാങ്ങിയ കൂട്ടുകാർ ഇതെക്കുറിച്ച് നിങ്ങളുടെ കൂട്ടുകാരോട് പറഞ്ഞിട്ടുണ്ടോ? എത്രയോപേർ ഇനിയും ഈ സമ്മാനത്തെക്കുറിച്ച് അറിയാതെ ജീവിക്കുന്നു! ഇതുവരെയും ഏറ്റുവാങ്ങാത്ത രക്ഷയെന്ന സമ്മാനം! "*തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ അത്രയ്ക്ക് സ്നേഹിച്ചു*" (യോഹന്നാൻ 3:16). ●

**(8 -ാം പേജ് തുടർച്ച)**

ബഹുമാന ഭൂഷണം ധരിച്ച് സിംഹാസനത്തിൽ ഇരുന്നു വാഴും; അവൻ സിംഹാസനത്തിൽ പുരോഹിതനുമായിരിക്കും (സെഖ. 6:12,13).

ലോകത്തിലെ ആരാധനയിൽ യിസ്രായേലിനു ഒരു മുഖ്യസ്ഥാനം അന്നുണ്ടായിരിക്കും. അവർ ഊതിക്കഴിച്ച പൊന്നുപോലെ തെളിഞ്ഞവരായിരിക്കും. യഥാർത്ഥ ആരാധന എന്താണെന്നു അവർക്ക് ഇപ്പോൾ അറിയാം. പഴയനിയമ കാലത്തും യിസ്രായേൽ ഇപ്രകാരമുള്ള ആരാധക വൃന്ദങ്ങളാകണമെന്നായിരുന്നു ദൈവത്തിന്റെ ആഗ്രഹം (പുറ. 19:6).

യിസ്രായേൽ ആരാധനയിൽ മുഖ്യസ്ഥാനം അർഹിക്കുന്നുവെങ്കിലും ജാതികളും പാലസ്തീൻ കേന്ദ്രമായുള്ള ആരാധനയിൽ ഉത്സുകരായിരിക്കും. ഈ സമയം യിസ്രായേലിൽ യേശുക്രിസ്തുവിന്റെ മഹത്വത്തെക്കുറിച്ചു വിവരിക്കുന്നതോടൊപ്പം ജാതികളോടുള്ള ബന്ധത്തിൽ പറയുന്നത്, ജാതികൾ നിന്റെ പ്രകാശത്തിലേക്കും രാജാക്കന്മാർ നിന്റെ ഉദയശോഭയിലേക്കും വരും എന്നാണ് (യെശ. 60:3). **(അവസാനിച്ചു)**

**(17 -ാം പേജ് തുടർച്ച)**

മഹാനായ മോശെയെക്കുറിച്ച് ഒരു വാക്കു കൂടെ പറഞ്ഞുകൊണ്ട് ഈ ചിന്ത അവസാനിപ്പിക്കാം. ബെസലേലും കൂട്ടരും തിരുനിവാസത്തിന്റെയും അതിലെ ഉപകരണങ്ങളുടെയും പണികൾ മോശെയെ കാണിച്ചപ്പോൾ (വാക്യം. 33) മഹാജ്ഞാനിയായ മോശെയ്ക്ക് (അപ്പൊ. 7:22 നോക്കുക) വേണമെങ്കിൽ ചെറിയ ചെറിയ കുറ്റങ്ങൾ കണ്ടുപിടിക്കാമായിരുന്നു. എന്നാൽ അദ്ദേഹം അതിനൊന്നും മുതിരാതെ സംതൃപ്തിയോടു കൂടെ പണിചെയ്ത എല്ലാവരെയും അനുഗ്രഹിക്കുകയായിരുന്നു. മറ്റുള്ളവർ എന്തു ശുശ്രൂഷകൾ ചെയ്താലും അതിൽ കുറ്റം കണ്ടു പിടിക്കുന്ന ഒരു വല്ലാത്ത പ്രവണത പല ശ്രേഷ്ഠ ദൈവദാസന്മാരിലും ഉണ്ട് എന്നത് ഒരു പരമാർത്ഥമാണ്. അങ്ങനെയുള്ളവർക്ക് ദൈവദാസനായ മോശെ ഒരു വഴി കാട്ടി ആയിരിക്കട്ടെ എന്നാശിക്കുന്നു. തികവുള്ള ദൈവവഴികളുടെ മാതൃക പിൻപറ്റി നമുക്ക് നമ്മുടെ ശുശ്രൂഷകൾ ചെയ്യാം. അതിനായി കർത്താവ് നമ്മെ ഏവരെയും സഹായിക്കുമാറാകട്ടെ. ●

# Local Assembly Oversight and Functions-Part 4

**Rajan Thomas, Bahrain**

**A. Qualifications of Elders**

Nineteen characteristic qualifications are revealed through Paul in so far as an elder is concerned in 1 Timothy 3:1-7 and Titus 1:5-9, both Pastoral Epistles. They are:

1. Blameless: Irreproachable means irreprehensible or one who can't be censored or is above reproach.

2. The husband of one wife: It does not mean 'one at a time' rather he has not been divorced and re-married. As scripture encourages the remarriage of widows in 1 Cor. 7:39-40, it is obvious that there is nothing wrong for remarried widowers to be elders.

3. Vigilant or temperate: sober (Titus 1:8,9) in judgement.

4. Prudent: discreet or sound minded.

5. Decorous or of good behaviour or respectable: orderly behaviour

6. Hospitable: he loves and hosts strangers as in Heb. 13: 1,2

7. Apt to teach: which is defined and explained in Titus 1:9 as "holding fast the faithful word as he hath been taught, that he may be able by sound doctrine both to exhort and to convince the gainsayers." In other words he must be a person who can also exercise the spiritual gift of 'Teaching' (1 Cor. 12: 28, Romans 12:7) and the one who discerns and communicate sound doctrine (1 Tim 4:16).

8. Not a Drinker: Gk 'paroinon' means not just' addicted to wine' or not 'excessively drunk' as translated by KJV and some other translations (might be to justify the European social Drinkers), but clearly 'beside winer' or 'away from wine'.

9. Not a Striker: Not a blower or be violent or given to physical violence.

10. Gentle: Not soon angry (Titus 1:7): One who is reasonable or mild.

11. Uncontentious: One who avoids fighting.

12. No lover of money: Not greedy or irresponsible of money.

13. Managing his own household: One who is presiding over his own family or exercise the headship of wife and children. Special mention is made of children in 1 Tim 3:4 that 'children in subjection with all gravity' and Titus complements that 'faithful (means believing) children not accused of riots of unruly' (Titus 1:6). In order to achieve this one must adhere to Ephesians 6:4 "And [ye] fathers do not provoke your children to anger, but bring them up in [the] discipline and admonition of [the] Lord. (DBY), a prerequisite for children to obey their parents (Eph. 6:1). This qualification is so important in view of the parenthesis question in interrogative mood " (but if one does not know how to conduct his own house, how shall he take care of the assembly of God? 1 Timothy 3:5 (DBY). This question would be in the mind of all those who are ruled (Heb. 13:17) concerning the elder who does not hold such qualification.

14. Not a Novice: Gk. Neophuton, literal meaning being a ' young plant' one who has come to the faith recently and not attained spiritual maturity which is essence in an ' elder'.

15. Good reputation: he is respected in the community at large, not necessarily by his money and power but by his character and lifestyle.

16. Not Self willed: Not given to self satisfaction (Titus 1:7 )

17. Just: One who is just before God and men like Simeon in Luke 2:25.

18. Holy: One who is 'Holy as I am Holy (Peter 1:16).

19. Lover of good men: One who loves well and discourages bad.

These qualifications of course fall under (a) personal character, (b) family life, (c) spiritual maturity and (d) community life.

**Continued on Page 17**

## അഭ്യർത്ഥന

**Bengaluru:** The ministry in Bangalore South was started in the year 2005 and New Testament assembly was started on 9.03.2008. In the beginning we gathered for worship in the evangelist's rented house. Lord added more souls into His church. Because of the lack of place, we shifted to a rented hall in the same locality. Since the congregation is getting large we are finding it difficult to accommodate in the existing rented hall. At present around 80 members are gathering for worship meeting. Among them 66 members are participating in Lord's Supper. Therefore, as an assembly we prayed and took a decision to purchase a permanent place for worship. The cost estimated in the surrounding areas for 30+40 sq.ft. is approximately Rs. 1 crore. Since the members of the assembly are lower middle class, we are not able to raise enough funds by ourselves. At present we have Rs. 1.5 Lakh in our hands. Our assembly is registered as a religious trust in the name "Believers Brethren Assembly (Church) Trust" and we have a joint account in the above mentioned trust name in SBI Bank, Padmanabhanagar Branch, Bangalore. Account No. 34419272967, IFSC Code: SBIN0007981. We request to uphold this matter in your prayer. As the Lord leads, kindly contribute for this cause. The land will be registered in the name of the "Steward Association in India." Kindly send your contribution, cheques/DD, in the name of "Believers Brethren Assembly (Church) Trust" only. All correspondence may kindly be addressed to the following address: Believers Brethren Assembly (Church) Trust, C/o C.F David Kandath #17, HMS layout, Arahalli, Subramanyapura P.O., Bengaluru 560 061, Karnataka. Phone: 09241103530 E-mail: dkandath@yahoo.com. Evg. C.F David Kandath, Bro. Jayachandra. (We at Agape Christian Assembly, Bangalore, state that, this is a very effective and profitable ministry. Kindly pray and invest in this very needy local testimony. Raju K. Mathew, P.I. Mathew, L.K. Madhu). ●

**Odisha Assemblies Fellowship Trust**
**Gospel Hall, Sabarsahi Lane,**
**Bhubaneswar, Odisha, 751006,**
**Email cporissa@yahoo.co.in, Mob. 09437630568**
**(RGD No. 1081409955/2014/ 41081409376)**

**Sub: An Appeal for the family welfare fund for Late Evg. K.M. Paul, Odisha**

Bro. K.M. Paul was born on 24th Nov. 1959 to late K.K. Mathen and Chinnamma of Valakuzhi, Kerala. Mr. Mathen was a well respected priest of Evangelical Church. Bro. Paul completed his B.Th. from Bharat Bible College, Secunderabad. The study of the scripture convinced him of the need of believers baptism and obeyed the Lord in baptism and continued in fellowship with Secunderabad Brethren Assembly. After the completion of studies, he came back to Kerala and continued with the Chuzhana Brethren Assembly. The Lord called him for the fulltime ministry and in 1985 he came to Odisha to serve the Lord with the commendation of Chuzana Brethren Assembly. He married Jessy, the daughter of late Bro. P.P. George and Sis. Annamma, Chiramukathu house, Koipuram on 9th May 1985.

They started their work with late Bro. Sunny T. Daniel and then he learned Oriya language well. He faithfully served the Lord for the last 30 years. The Lord used him to train few Oriya youths and they are now serving the Lord. For two years he served the Lord in Anakapally in A.P. He was detected of lungs cancer in April 2013 and was under treatment for nearly 18 months at CMC Vellore. But it was pleased by the Master to call him to eternal home on 13th Nov. 2014 from all pains and sufferings of this world. As he came out of the denominational church against the will of his family, he lost all his family property. In Odisha they were living in a rented house. The Lord blessed them with a son and a daughter.

**Continued on Page 17**

# വാർത്തകൾ, കുറിപ്പുകൾ

## പ്രാർത്ഥനയ്ക്കും സ്തോത്രത്തിനും

**ഏകദിന പ്രവർത്തനം:** എസ്.പി.എസ്. ഫണ്ടിനോട് ചേർന്ന് പ്രവർത്തിക്കുന്ന സുവിശേഷകന്മാരും, സഹോദരങ്ങളും ചേർന്ന് മുക്കട, പൊന്തൻപുഴ എന്നീ സഭകൾ കേന്ദ്രീകരിച്ച് ഏകദിന പ്രവർത്തനം 10.11.2015-ൽ നടത്തി. 32 പേർ സഹകരിച്ചു. 73 ഭവനങ്ങളിൽ സുവിശേഷം അറിയിച്ചു. അനേക സുവിശേഷ ലഘുലേഖകളും വിതരണം ചെയ്തു. വിതച്ച വിത്തുകൾ ഫലം കായ്ക്കേണ്ടതിനായി ദൈവജനം പ്രാർത്ഥിച്ചാലും. ഈ പ്രവർത്തനങ്ങളെയും തുടർന്ന് പ്രാർത്ഥനയിൽ ഓർത്താലും (സെക്രട്ടറി, എം.കെ. കുഞ്ഞുമോൻ)

**തൊടുപുഴ:** കഴിഞ്ഞ നാളുകളിൽ കർത്താവ് തന്ന പ്രേരണ അനുസരിച്ച് തൊടുപുഴയിൽ നിന്ന് 15 കിലോമീറ്റർ മാറി പന്നിമറ്റം, വെള്ളിയാമറ്റം, നാഗപ്പുഴ എന്നീ സ്ഥലങ്ങളിൽ സഭാകൂടിവരവ് ലക്ഷ്യമാക്കി സുവിശേഷപ്രവർത്തനം നടന്നു വരുന്നു. ഏഴുപേർ യേശുവിനെ കർത്താവും രക്ഷിതാവുമായി ഏറ്റുപറഞ്ഞ് പ്രാർത്ഥിച്ചു. തൊടുപുഴ സഭയുടെ പ്രവർത്തനങ്ങൾ അനുഗ്രഹിക്കപ്പെടുന്നതിന് ദൈവജനത്തിന്റെ പ്രാർത്ഥനയും സഹകരണവും ആവശ്യപ്പെടുന്നു. സഭയ്ക്കു വേണ്ടി, സുവി. കെ.ഒ. ജോസ്, റെജി പൗലോസ്. വിലാസം: കെ.ഒ. ജോസ്, ക്രിസ്ത്യൻ ബ്രദറൺ അസംബ്ലി, തൊടുപുഴ, കോലാനി പി. ഒ., ഇടുക്കി, 685 608. ഫോൺ: 9495353702.

**ശാസ്താംപാറ:** ഇടുക്കി ജില്ലയിൽ തൊടുപുഴ താലൂക്കിൽപ്പെടുന്ന സ്ഥലങ്ങളാണ് പൂമാല, നളിയാനി, മേത്തൊടി എന്നിവ. ഇവിടെ ഗോത്രവർഗ്ഗക്കാരും ക്രൈസ്തവരും മറ്റ് മതവിശ്വാസികളും താമസിക്കുന്ന ഈ പ്രദേശത്ത് ഇപ്പോൾ നമ്മുടെതായ സഭകളോ പ്രവർത്തനങ്ങളോ ഇല്ല. ഈ സ്ഥലങ്ങളെ ഓർത്ത് പ്രാർത്ഥിച്ചതിന്റെ ഫലമായി കർത്താവ് തന്ന ആത്മീയപ്രേരണ അനുസരിച്ച് പൂമാലയിൽ ഒരു സഭാരൂപീകരണം എന്ന ആഗ്രഹത്തോടെ ഒരു സുവിശേഷപ്രവർത്തനം ശാസ്താംപാറ ബ്രദറൺ സഭയിലെ സുവി. യു. എം, സെബാസ്റ്റ്യനും അയൽ സഭയിലെ സുവിശേഷകന്മാരും ചേർന്ന് നടത്തിവരുന്നു. ദൈവജനം ഈ സ്ഥലങ്ങളിൽ നടത്തിവരുന്ന സുവിശേഷപ്രവർത്തനങ്ങളെയും ഈ സ്ഥലങ്ങളെയും പ്രത്യേകം പ്രാർത്ഥനയിൽ ഓർക്കണമേ. യു.എം. സെബാസ്റ്റ്യൻ, ഫോൺ: 9744259670.

**ഇടുക്കി:** 2015 നവം. 28, 29-ന് കഞ്ഞിക്കുഴി 7 കമ്പി സഭയുടെ ചുമതലയിലും പാലാ സഭയുടെ സഹകരണത്തിലും കീരിത്തോട്, ചേലച്ചുവട്, പുന്നയാർ. കഞ്ഞിക്കുഴി, പഴയരിക്കണ്ടം എന്നീ മേഖലകളിൽ സുവിശേഷയോഗങ്ങളും ഗാനശുശ്രൂഷയും നടത്തപ്പെടുകയുണ്ടായി. പ്രദേശവാസികളായ ധാരാളം ആളുകൾ വചനം കേൾക്കുവാൻ ഇടയായി. പി.വി. രാജു, അജി, ജോൺസൺ എന്നിവർ സന്ദേശങ്ങൾ നൽകി. ബൈജു ബാലരാമപുരം ഗാനങ്ങൾ ആലപിച്ചു. സഭയ്ക്കുവേണ്ടി പണികഴിപ്പിച്ച ഹോളിന്റെ സ്തോത്രശുശ്രൂഷ സെപ്റ്റം. 24-ന് ദുബായ് ദയ്റാ അസംബ്ലിയുടെ സഹകരണത്തിലും കുഞ്ഞുമോൻ തോട്ടപ്പള്ളിയുടെ അധ്യക്ഷതയിലും നിർവ്വഹിക്കപ്പെടുകയുണ്ടായി. വിതയ്ക്കപ്പെട്ട വചനങ്ങൾ ഫലകരമാകേണ്ടതിനും സഭയുടെ അഭിവൃദ്ധിക്കുവേണ്ടിയും ദൈവജനത്തിന്റെ പ്രാർത്ഥന അപേക്ഷിക്കുന്നു. സഭയ്ക്കുവേണ്ടി, സിജോമോൻ, ഫ്രാൻസിസ്, വിൻസന്റ്, സുവി. ജയ്മോൻ, കെ.എം. വർഗീസ്, ഫോൺ: 9744149056.

## രോഗി

**വെണ്ണിക്കുളം ഓലിക്കൽ:** വെണ്ണിക്കുളം ഓലിക്കൽ സഭാംഗമായ ചിരട്ടോലിയ്ക്കൽ തടത്തിൽ ഏബ്രഹാം നൈനാൻ (60) കരളിൽ കാൻസർ ബാധിച്ച് കോട്ടയം മെഡിക്കൽ കോളേജിൽ ചികിൽസയിലായിരിക്കുന്നു. ഇപ്പോൾ റേഡിയേഷൻ ചെയ്തുകൊണ്ടിരിക്കുന്നു. തന്റെ ഭാര്യ 5 വർഷമായി പ്രമേഹരോഗിയായി കിടപ്പിലാണ്. താൻ കൂലിപ്പണി ചെയ്താണ് ഉപജീവനം കഴിഞ്ഞിരുന്നത്. തുടർ ചികിൽസയ്ക്കായി സാമ്പത്തിക ബുദ്ധിമുട്ടനുഭവിക്കുന്നു. ദൈവമക്കൾ പ്രാർത്ഥനയിൽ ഓർക്കുകയും സാമ്പത്തികമായി സഹായിക്കുകയും ചെയ്യേണമേ. സഹോദരന്റെ വിലാസം: ഏബ്രഹാം നൈനാൻ, ചിരട്ടോലിയ്ക്കൽ തടത്തിൽ, വെണ്ണിക്കുളം പി.ഒ., തിരുവല്ല, 689 544. സുവി. കെ.ജെ. മത്തായി, ജോയി ഒ.പി. ഫോൺ: 9947130311.

## കർത്തൃസന്നിധിയിൽ

**കുമ്പനാട്:** ബ്രദറൺ മേഴ്സി ഹോം അംഗമായ സണ്ണി കുര്യൻ (105) താൻ പ്രിയം വെച്ച കർത്തൃസന്നിധിയിൽ 10.12.2015-ന് ചേർക്കപ്പെട്ടു. ഭൗതികശരീരം 14.12.2015-ന് മേഴ്സി ഹോമിൽ നടന്ന അനുസ്മരണ ആശ്വാസ സന്ദേശങ്ങൾക്ക്

ശേഷം അനേക വിശ്വാസികളുടെയും പ്രിയപ്പെട്ട വരുടെയും സാന്നിദ്ധ്യത്തിൽ ഉയിർപ്പിൻ പൊൻപു ലരിയിൽ വീണ്ടും കാണാമെന്നുള്ള പ്രത്യാശയിൽ കുമ്പനാട് ബ്രദറൺ സഭാവക സെമിത്തേരിയിൽ സംസ്കരിച്ചു. ഭാര്യ പരേതയായ ഏലിയാമ്മ. ദു:ഖിതരായിരിക്കുന്ന മേഴ്സിഹോം അംഗങ്ങളുടെ ആശ്വാസത്തിനായി പ്രാർത്ഥിച്ചാലും (സി.എ.ജി).

## കൺവൻഷൻ/ക്യാമ്പ്

**ബഥനി ബൈബിൾ സ്കൂൾ, കുമ്പനാട്, സുവിശേഷക്യാമ്പ്:** 67-ാമത് ബാച്ചിന്റെ സുവിശേ ഷക്യാമ്പ് ദൈവഹിതമായാൽ 2016 ഫെബ്രു. 1 മുതൽ 7 വരെ പാമ്പാക്കുട ക്രിസ്ത്യൻ ബ്രദറൺ ചർച്ചിന്റെ സഹകരണത്തിൽ ആ പ്രദേശത്ത് നട ത്തുവാൻ ആഗ്രഹിക്കുന്നു. ഭവനസന്ദർശനം, പര സ്യയോഗങ്ങൾ, രാത്രിസുവിശേഷയോഗങ്ങൾ എന്നിവ എല്ലാ ദിവസവും ഉണ്ടായിരിക്കും. പ്രസം ഗകർ സഹോദരന്മാരായ വർഗ്ഗീസ് കെ. കുര്യൻ, പി.ജി. ജെയിംസ്, ബിനോയ് മാണി, ചാണ്ടപ്പിള്ള ഫിലിപ്പ്, ഡോ. കെ.സി. ജോൺസൺ എന്നിവർ ആയിരിക്കും. സംഗീതവിരുന്നും ഉണ്ടായിരിക്കും. ശുശ്രൂഷകൾ അനുഗ്രഹമായിരിപ്പാനും ആത്മാ ക്കൾ രക്ഷിക്കപ്പെടുന്നതിനുമായി ദൈവമക്കൾ പ്രാർത്ഥിക്കുകയും സഹകരിക്കുകയും ചെയ്യണ മേ. ബഥനി ബൈബിൾ സ്കൂളിനു വേണ്ടി സെക്ര ട്ടറി, പി.ബി. നമ്പർ 45, കുമ്പനാട്, 689 547. ഫോൺ: 0469-2664314. പാമ്പാക്കുട സഭയ്ക്കുവേണ്ടി സുവി.ബിനോയ് മാണി. ഫോൺ: 9496339488.

**ആറാമട:** തിരുവനന്തപുരം ആറാമട ബ്രദ റൺ സഭാഹാളിന്റെ സ്തോത്രശുശ്രൂഷ 2015 ഡിസം. 31-ന് 3 പി.എം.-ന് നടത്തുവാൻ കർത്താ വ് കൃപ ചെയ്തു. ചർച്ചിന്റെ പണിക്കായി സാമ്പ ത്തികമായി സഹായിച്ചവർക്കും പ്രാർത്ഥനയിൽ ഓർത്തവർക്കും കർത്തൃനാമത്തിൽ ഞങ്ങൾ നന്ദി അറിയിക്കുന്നു. തുടർന്നും ആറാമട സഭയെ പ്രാർത്ഥനയിൽ ഓർക്കുക. ജെ.വി. ഫ്രാൻസിസ്, സാംസൺ ജോഷ്വ, കെ. തമ്പി. ഫോൺ: 9447658314, 0471-2353459.

**അടൂർ കൺവൻഷൻ:** അടൂർ ബ്രദറൺ ക്രിസ്ത്യൻ ചർച്ചിന്റെ (അടൂർ ബഥേൽ) ചുമതലയിൽ അടൂർ മുണ്ടശ്ശേരിൽ ഗ്രൗണ്ടിൽ വച്ച് (കെ. എസ്. ആർ. റ്റി. സി.-യ്ക്കു സമീപം) 2016 ജനുവരി 21 മുതൽ 24 വരെ വൈകിട്ട് 6:30 മുതൽ 9 വരെ. പ്രസംഗകർ: സുവി. വർഗ്ഗീസ് കുര്യൻ, സുവി. ജോസ് മാങ്കുടി. വെള്ളി, ശനി ദിവസങ്ങളിൽ രാവിലെ 10 മുതൽ ബൈബിൾ ക്ളാസും ഉണ്ടായിരിക്കും. ഗാനശുശ്രൂഷ ഇമ്മാനുവേൽ ഹെൻട്രി, പ്രിയ പ്രസാദ്, ജെയ്സൺ കൊട്ടാരക്കര, ബാബു ഓടനാവട്ടം എന്നിവർ നിർവ്വഹിക്കും. ഞായറാഴ്ച രാവിലെ 10 മുതൽ ആരാധനയും ഉണ്ടായിരിക്കും (റ്റി. കെ. കുഞ്ഞുതോമസ്, സുവി. ജോൺസൺ സാം)

**ഏകദിന കുടുംബസമ്മേളനം:** കണ്ണൂർ യൂണിറ്റ് വൈ.എം.ഇ.എഫിന്റെ ആഭിമുഖ്യത്തിലും പയ്യന്നൂർ ബ്രദറൺ അസംബ്ലിയുടെ സഹകരണ ത്തിലും 2016 ജനു. 26-ന് 10 മണി മുതൽ 4 മണി വരെ പയ്യന്നൂർ ഗ്രാന്റ് ദുബായ് ആഡിറ്റോറിയ ത്തിൽ വെച്ച് ഏകദിന കുടുംബസമ്മേളനം നടക്കു ന്നതാണ്. ചാണ്ടപിള്ള ഫിലിപ്പ് (കോട്ടയം) ക്ലാസ്സു കൾ എടുക്കും. ഈ സമ്മേളനത്തിന്റെ അനുഗ്ര ഹത്തിനായി ദൈവജനം പ്രാർത്ഥിച്ചാലും. റിജോയ് കെ. ജോൺ (സെക്രട്ടറി). ഫോൺ: 9562695956.

**വാളകം കൺവൻഷൻ:** വാളകം കവ ലയ്ക്കു സമീപം തയ്യാർ ചെയ്യുന്ന പന്തലിൽ 2016 ജനുവരി 13 ബുധൻ മുതൽ 17 ഞായർ വരെ വൈകിട്ട് 6.30 മുതൽ 9 വരെ. പ്രസംഗകർ: പി.ജി. ജെയിംസ്, പി.വി. ജെയിംസ്, ജോൺ പി. തോമ സ്. 14,15,16 (വ്യാഴം, വെള്ളി, ശനി) തീയതികളിൽ രാവിലെ 10 മണി മുതൽ ബ്രദറൺ സഭാഹാളിൽ വച്ച് ബൈബിൾ ക്ലാസ്സുകൾ ഉണ്ടായിരിക്കുന്ന താണ്, പ്രാർത്ഥിക്കുക, സഹകരിക്കുക, കടന്നുവ രിക. വാളകം ബ്രദറൺ സഭയ്ക്കുവേണ്ടി, കെ.എം. മത്തായി, കെ.എം. വർക്കി, വി.യു. ജേക്കബ്.

**പുതുപ്പാടി കൺവൻഷൻ:** പുതുപ്പാടി ബ്രദറൺ സഭാഹാൾ അങ്കണത്തിൽ 2016 ഫെബ്രുവരി 9 ചൊവ്വ മുതൽ 13 ശനി വരെ വൈകിട്ട് 6 മുതൽ 9 വരെ. പ്രസംഗകർ: പി. എസ്. തമ്പാൻ, ഷനു സാമുവൽ. ഗാന ശുശ്രൂഷ: ഹെവൻലി ബീറ്റ്സ്, തിരുവല്ല. സഭയ്ക്കുവേണ്ടി എം. ഐ. തോമസ്.

**ബൈബിൾ പ്രഭാഷണങ്ങൾ, കുമ്പ നാട്:** കുമ്പനാട് ബ്രദറൺ സഭയുടെ ചുമതലയിൽ 2016 ജനുവരി 13 മുതൽ 16 വരെ സഭാഹാളിന് സമീ പമുള്ള കെ.ബി.എ.എം ഹാളിൽ വെച്ച് ബൈബിൾ പ്രഭാഷണങ്ങൾ നടത്തുവാൻ തീരുമാനിച്ചിരിക്കു ന്നു. പ്രസംഗകർ: ഡോ.ഒ.എം. ശാമുവേൽ, വർഗ്ഗീ സ് കെ. കുര്യൻ, ജോസ് മാങ്കുടി, കെ.വി. തോമ സ്, വി. മാത്യു. ഗാനശുശ്രൂഷ ഉണ്ടായിരിക്കുന്ന താണ്. അനുഗ്രഹത്തിനായി പ്രാർത്ഥിക്കുകയും കടന്ന് വന്ന് സംബന്ധിക്കുകയും ചെയ്യണമേ.

RNI.No. 36067/ 81
Postal Reg. No. KL/TLA/44/2015-17 dt.17-12-14
Date of Publication : 10/1/2016
Annual Subscription Rs - 100/-

ആത്മപ്രകാശിനി

If undelivered Please return to:
Published at:
Athma Prakashini
P.B.No.10, Kumbanad, Thiruvalla
Pathanamthitta Dist.
Kerala - 689 547.
Printed and Published by
C.A.George at Evangel Press,
Thiruvalla, Pathanamthitta.
Editor: Dr. O.M.Samuel

## സുവിശേഷവയലിലേക്ക്

**ജാൻസി (യു.പി.):** സഹോ. നരേഷ്കുമാർസിംഗ് ജാൻസി, ഗാർമോവ്, ലഷ്മൺപുര സഭകളിലെ ശുശ്രൂഷ ഇപ്പോൾ ഏകദേശം രണ്ട് വർഷമായി ചെയ്തുവരുന്നു. കർത്താവ് സഹോദരനെ ദൈവവേലയ്ക്കായി വിളിച്ചുവെന്ന് സഭയ്ക്ക് ബോദ്ധ്യം ആയതിനാൽ സഭ നരേഷ്കുമാർ സിംഗിന് കമൻഡേഷൻ കൊടുത്തു. സഹോദരൻ വിവാഹിതനാണ്. സഹവിശ്വാസികളുടെ പ്രാർത്ഥനയ്ക്കും സഹകരണത്തിനായും ഇത് അറിയിച്ചുകൊള്ളുന്നു. ബിലീവേഴ്സ് അസംബ്ലിയ്ക്കു വേണ്ടി ഫിലിപ്പോസ് പി.പി., രവി ശങ്കർ മശി, ഹൃർദേശ് മശി. വിലാസം: ബിലീവേഴ്സ് ബ്രദറൺ അസംബ്ലി, സുവി. ഫിലിപ്പോസ് പി.പി., ഗോസ്പൽ ഹോം, 196 സി.പി. മിഷൻ കോമ്പൗണ്ട്, ജാൻസി, യു.പി. 284 003.

**കൊല്ലിയോട് (തിരുവനന്തപുരം):** നെയ്യാറ്റിൻകര താലൂക്കിൽ ഗ്രാമപ്രദേശമായ കൊല്ലിയോട് എന്ന സ്ഥലത്ത് 2004-ൽ സ്ഥലം സഭ ലക്ഷ്യമാക്കി പ്രവർത്തനം ആരംഭിച്ചു. 17.8.2005 പുതിയനിയമ മാതൃകയിൽ സ്ഥലം സഭാ കൂടിവരവ് ആരംഭിക്കുന്നതിന് ദൈവം കൃപ ചെയ്തു. ഇപ്പോൾ 24 പേർ രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട് കൂട്ടായ്മയിൽ സംബന്ധിക്കുന്നവരായിട്ടുണ്ട്. ബൈബിൾ ക്ലാസ്സും മറ്റ് യോഗങ്ങളും സുവിശേഷപ്രവർത്തനങ്ങളും അനുഗ്രഹമായി തുടരുന്നു. ഈ സ്ഥലം സഭയിൽ നിന്ന് മുന്നോട്ട് വന്ന സഹോ. വി.ആർ. ബോബി 2006-ൽ കുമ്പനാട് ബെഥനി ബൈബിൾ സ്കൂളിൽ ദൈവവചനം പഠിക്കുകയും തുടർന്ന് രാജസ്ഥാൻ (അൽവറിൽ) നോർത്ത് ഇന്ത്യാ ബൈബിൾ സ്കൂളിൽ ഒരു വർഷം പഠിക്കുകയും 2008-ൽ മടങ്ങി വന്ന് സ്ഥലം സഭയോടുള്ള ബന്ധത്തിൽ ശുശ്രൂഷകളിൽ സംബന്ധിച്ചുവരുന്നു. പ്രിയ സഹോദരന് കർത്താവിന്റെ വേലയ്ക്കായുള്ള വിളി സഭയ്ക്ക് ബോധ്യമാവുകയും 19.6.2011 ഞായറാഴ്ച 10 മണിക്ക് സഭയായി കൂടി തന്നെ ദൈവകരങ്ങളിൽ സമർപ്പിച്ച് പ്രാർത്ഥിച്ച് കർത്തൃവേലയ്ക്കായി വേർതിരിച്ചു. ആയതിനാൽ സഹോദരനെയും ശുശ്രൂഷകളെയും ഓർത്ത് പ്രത്യേകാൽ പ്രാർത്ഥിക്കുകയും സുവിശേഷകൻ എന്ന നിലയിൽ എല്ലാ സഹകരണങ്ങളും നൽകി പ്രോത്സാഹിപ്പിക്കുവാൻ സഭയായി ശുപാർശ ചെയ്തു കൊള്ളുന്നു. സഭയ്ക്കു വേണ്ടി, അശോകൻ ജി., സന്തോഷ് എസ്., അജികുമാർ കെ. വിലാസം: സുവി. വി.ആർ. ബോബി, ബ്രദറൺ അസംബ്ലി, കൊല്ലിയോട്, പരശുവയ്ക്കൽ പി.ഒ., തിരുവനന്തപുരം, 695 508, ഫോൺ: 9526371344.

**പരശുവയ്ക്കൽ (തിരുവനന്തപുരം):** നെയ്യാറ്റിൻകര താലൂക്കിൽ പരശുവയ്ക്കൽ ദേശത്ത് സാമുദായിക ക്രൈസ്തവ പശ്ചാത്തലത്തിൽ ജനിച്ചു വളർത്തപ്പെട്ട ബെന്നി എ.യു. സത്യ സുവിശേഷം കേട്ട് 2009-ൽ രക്ഷിക്കപ്പെട്ടു. കൊല്ലിയോട് ബ്രദറൺ സഭയിൽ 2010-ൽ സ്നാനപ്പെട്ട് സഭയോട് ചേർന്ന് കർത്താവിനെ ആരാധിച്ചും സുവിശേഷപ്രവർത്തനങ്ങളിൽ സഹകരിച്ച് പോരുകയും ചെയ്ത സഹോദരന് വചനം ക്രമീകൃതമായി പഠിക്കണമെന്ന ആഗ്രഹത്തോട് കുമ്പനാട് ബെഥനി ബൈബിൾ സ്കൂളിൽ 65-ാം ബാച്ചിൽ വചനം പഠിക്കുവാൻ ദൈവം കൃപചെയ്തു. വചനപഠനം പൂർത്തിയാക്കിയതിനു ശേഷം മടങ്ങിവന്ന് കൊല്ലിയോടുള്ള ബ്രദറൺ സഭയിലെ ശുശ്രൂഷകളിലും ബ്രദറൺ സമൂഹത്തിലെ പൊതുവായ ആത്മീയ ശുശ്രൂഷകളിലും സഹകരിച്ചു വരുന്നു. സഹോദരന്റെ ദൈവികവിളിയും സ്ഥലം സഭയോടുള്ള ബന്ധത്തിൽ ചെയ്യുന്ന ശുശ്രൂഷകളും സഭയ്ക്ക് ബോധ്യമായതിനാൽ സഹോദരനെ പൂർണ്ണമായ സുവിശേഷകനായി സഭ അംഗീകരിച്ച് 2015 ജനുവരി 4-ന് ദൈവകരങ്ങളിൽ പ്രാർത്ഥിച്ച് സമർപ്പിച്ചു കർത്തൃവേലയ്ക്കായി വേർതിരിച്ചു. പ്രിയ സഹോദരനെയും ശുശ്രൂഷകളെയും ഓർത്ത് പ്രത്യേകാൽ പ്രാർത്ഥിക്കുകയും സുവിശേഷകൻ എന്ന നിലയിൽ എല്ലാ സഹകരണങ്ങളും നൽകി പ്രോത്സാഹിപ്പിക്കുവാൻ സഭയായി ശുപാർശ ചെയ്തുകൊള്ളുന്നു. കൊല്ലിയോട് സഭയ്ക്കു വേണ്ടി, സുവി. ബോബി വി.ആർ., അശോകൻ ജി., സന്തോഷ് എസ്., അജികുമാർ കെ. വിലാസം: ബെന്നി. എ.യു., രാമയിൽ കുണ്ടുവിള, പരശുവയ്ക്കൽ പി.ഒ., തിരുവനന്തപുരം, 695 508, ഫോൺ: 8301875026. ●